# കേരളാ കൗൺസിൽ ഓഫ് ചർച്ചസ്

## അഖിലലോക സഭൈക്യ പ്രാർത്ഥനാവാരം
## 2023

### വിഷയം

“നന്മ ചെയ്യുവിൻ ; നീതി അന്വേഷിപ്പിൻ (യെശ : 1 : 17)

### ആരാധനയും ധ്യാനകുറിപ്പുകളും

# കേരളാ കൗൺസിൽ ഓഫ് ചർച്ചസ്

**അഖില ലോക സഭൈക്യ പ്രാർത്ഥനാ വാരം**

**ആരാധനയും ധ്യാനകുറിപ്പുകളും**

**തയ്യാറാക്കിയത്**

| | | |
|---|---|---|
| ആരാധന | : | റവ. ഡോ. സാബു കോശി |
| ഒന്നാം ദിനം | : | കമാൻഡർ ടി. ഒ. ഏലിയാസ് |
| രണ്ടാം ദിനം | : | ഡോ. ജെയ്സി കരിങ്ങാട്ടിൽ |
| മൂന്നാം ദിനം | : | ഫാ. ഡോ. റെജി മാത്യു |
| നാലാം ദിനം | : | റവ. വിനോദ് വിക്ടർ |
| അഞ്ചാം ദിനം | : | ശ്രീമതി ആഷി സാറാ ഉമ്മൻ |
| ആറാം ദിനം | : | റവ. ബോബി മാത്യു |
| ഏഴാം ദിനം | : | ഫാ. അനീഷ് ടി. വർഗീസ് |
| എട്ടാം ദിനം | : | റവ. ഡോ. ബിജു എസ്. തങ്കച്ചൻ |

# KERALA COUNCIL OF CHURCHES

(Constituent Member and Regional Council of the National Council of Churches in India)
Thiruvalla, Kerala - 689101

President
**Bishop Dr. Oommen George**
Mob : +91 9446259762
Email : bishopoommencsikkd@gmail.com

General Secretary
**Adv. Prakash P. Thomas**
Mob : +91 9447472725
Email : prakashpthomas@gmail.com

Treasurer
**Rev. L.T. Pavithrasingh**
Mob : +91 9349848282
Email : pavithrasinght@gmail.com

Vice Presidents

**Most. Rev. Alexios Mar Eusebius**
Mob : +91 8547058607

**Comm. Dr. M.C. James**
Mob : +91 9833685177

**Dr. Lebi Philip Mathew**
Mob : +91 9847054779

**Ancy R.**
Mob : +91 9656027056


14 ജനുവരി 2023

അഭിവന്ദ്യരെ, ബഹുമാന്യരെ, പ്രിയരെ,

ദൈവകൃപയാൽ ഒരു പുതുവർഷം കാണുവാൻ നമുക്ക് ഭാഗ്യം ലഭിച്ചതോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

ലോകമെമ്പാടും അഖിലലോക സഭൈക്യ പ്രാർത്ഥനാവാരം നടക്കുന്ന കാലയളവിൽ കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ നേതൃത്വത്തിൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ സോണുകളുടെ നേതൃത്വത്തിൽ പ്രാർത്ഥനകൾ നടക്കുന്നു.

“നന്മ ചെയ്യുവിൻ ; നീതി അന്വേഷിപ്പിൻ” (യെശ : 1 : 17) എന്നതാണ് ഇത്തവണത്തെ ചിന്താവിഷയം. ഇതിനാവശ്യമായ ധ്യാനചിന്തകൾ തയ്യാറാക്കി നല്കിയത് കമാൻഡർ റ്റി. ഒ. ഏലിയാസ് (ഒന്നാം ദിനം), ഡോ. ജയ്സി കരിങ്ങാട്ടിൽ (രണ്ടാം ദിനം), ഫാ. ഡോ. റെജി മാത്യു (മൂന്നാം ദിനം), റവ. വിനോദ് വിക്ടർ (നാലാം ദിനം), ശ്രീമതി ആഷി സാറാ ഉമ്മൻ (അഞ്ചാം ദിനം), റവ. ബോബി മാത്യു (ആറാം ദിനം), ഫാ. അനീഷ് ടി വർഗീസ് (ഏഴാം ദിനം), റവ. ഡോ. ബിജു എസ്. തങ്കച്ചൻ (എട്ടാം ദിനം) എന്നിവരാണ്. റവ. ഡോ. സാബു കോശി ആരാധന തയ്യാറാക്കുന്നതിന് നേതൃത്വം നൽകി. ഇതിൽ സഹായിച്ച ഏവരോടുമുള്ള നന്ദി അറിയിക്കുന്നു. കേരളത്തിലെ എല്ലാ ജില്ലകളിലും വിവിധ അസംബ്ലി തലങ്ങളിലും സോണുകളിലും പ്രാർത്ഥനാവാര പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സോൺ, അസംബ്ലി, ജില്ലാതല ഭാരവാഹികളോടുള്ള നന്ദി അറിയിക്കുന്നു.

നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകണം എന്ന കർത്തൃപ്രാർത്ഥന യാഥാർത്ഥ്യമാക്കുവാനുള്ള ശ്രമങ്ങളിൽ നമുക്ക് ബോധപൂർവ്വം പങ്കാളികളാകാം. അതിനായി ദൈവം നമ്മെ ശക്തീകരിക്കട്ടെ.

പ്രാർത്ഥനയോടെ,

**ഡോ. പ്രകാശ് പി. തോമസ്**
ജനറൽ സെക്രട്ടറി
കേരളാ കൗൺസിൽ ഓഫ് ചർച്ചസ്

# ആരാധനാക്രമം

**ആരാധനാ ആഹ്വാനം**

സഹോദരി സഹോദരന്മാരേ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാം ഒരുമിച്ച് കൂടിയിരിക്കുന്നു. സ്നാപനത്താൽ നാം ദിവ്യശരീരത്തിന്റെ അംശങ്ങളായി തീർന്നുവെങ്കിലും നമ്മുടെ പാപം നമ്മൾക്ക് ഇടയിൽ വേദനയും മുറിവുകളും ഉണ്ടാക്കിയിരിക്കുന്നു. നന്മ ചെയ്യുന്നതിൽ നം പരാജയപ്പെട്ടു. കൊടി പീഡനങ്ങളുടെ മുഖത്ത് നീതി ലഭ്യമാക്കുന്നതിനോ വിധവകളേയും അനാഥരേയും ചേർത്തുകൊള്ളുവാൻ ദൈവകല്പനകളെ നാം ഗൗനിച്ചില്ല.

നാം ഒരുമിച്ച് കൂടിയിരിക്കുന്ന ഇത്തരുണത്തിൽ നമ്മുടെ പ്രവർത്തനങ്ങളേയും നിഷേധ നിലപാടുകളേയും ശോധന ചെയ്യുകയും നന്മ ചെയ്യുന്നതിനും നീതി അന്വേഷിക്കുന്നതിനുമായി ഒരുമ്പെടാം. ക്രൈസ്തവർ എന്ന നിലയിൽ നമ്മുടെ ഹൃദയത്തിൽ ഐക്യത്തിനുവേണ്ടി തുറക്കപ്പെടുന്നതിന് പ്രാർത്ഥനയ്ക്കായി നാം കൂടിചേർന്നിരിക്കണം. ചേർത്തുകൊള്ളപ്പെടുന്നതിന്റെ ധന്യതയും വൈവിധ്യങ്ങളുടെ മൂല്യവും കണ്ടെത്തുന്നതിനും പ്രാർത്ഥിക്കാം. വിശ്വാസതികവോടെ നമുക്ക് പ്രാർത്ഥിക്കാം.

**ഗീതം**

**അനുതാപത്തിനും ക്ഷമയ്ക്കുമുള്ള ആഹ്വാനം (യെശ:1: 12 – 18)**

L: യെശയ്യാ പ്രവാചകന്റെ വാക്കുകളിലൂടെ നമ്മുടെ പാപങ്ങൾ ഏറ്റു പറയണം.

L: നിങ്ങൾ എന്റെ സന്നിധിയിൽ വരുമ്പോൾ എന്റെ പ്രകാരങ്ങളെ ചവിട്ടുവാൻ ഇതു നിങ്ങളോടു ചോദിച്ചതു ആർ? ഇനി നിങ്ങൾ വ്യർത്ഥമായുള്ള കാഴ്ച കൊണ്ടുവരരുത്. ധൂപം എനിക്ക് വെറുപ്പാണ്.

C: കർത്താവേ അങ്ങയുടെ മുമ്പാകെ എളിമയോടെ നടക്കാതെ, ആരാധനയ്ക്കായി വന്ന ഞങ്ങളുടെ കുറവിനെ ക്ഷമിക്കേണമേ.

L: അമാവാസിയും ശാബത്തും സഭായോഗം കൂടുന്നതും നീതികേടും ഉത്സവയോഗവും എനിക്കു സഹിച്ചുകൂടാ. നിങ്ങളുടെ അമാവാസികളെയും ഉത്സവങ്ങളെയും ഞാൻ വെറുക്കുന്നു. അവ എനിക്ക് അസഹ്യം. ഞാൻ അവ സഹിച്ചു മുഷിഞ്ഞിരിക്കുന്നു.

C: കർത്താവേ, കോളനിവൽക്കരണത്തിന്റെ തിന്മകൾ പേറുന്ന ജനങ്ങളുടെ സങ്കീർണ്ണതകളെ ഞങ്ങളോട് ക്ഷമിക്കേണമേ

L: നിങ്ങൾ കൈമലർത്തുമ്പോൾ ഞാൻ എന്റെ കണ്ണു മറച്ചുകളയും, നിങ്ങൾ എത്രതന്നെ പ്രാർത്ഥന കഴിച്ചാലും കേൾക്കുകയില്ല. നിങ്ങളുടെ കൈ രക്തം കൊണ്ട് നിറഞ്ഞിരിക്കുന്നു.

C: കർത്താവേ അങ്ങയുടെ സൃഷ്ടിയിലെ ഐക്യത്തെ തകർക്കുന്ന ഞങ്ങളുടെ നീതിരാഹിത്യവും പീഡനങ്ങളും ഞങ്ങളോടു ക്ഷമിക്കേണമേ

L: നിങ്ങളെ കഴുകി വെടിപ്പാക്കുവിൻ, നിങ്ങളുടെ പ്രവർത്തികളുടെ ദോഷത്തെ എന്റെ കണ്ണിൻ മുമ്പിൽ നിന്നു നീക്കി കളയുവിൻ, തിന്മ ചെയ്യുന്നതു മതിയാക്കുവിൻ, നന്മ ചെയ്യാൻ പഠിപ്പിൻ ന്യായം അന്വേഷിപ്പിൻ, പീഡിപ്പിക്കുന്നവനെ നേർവഴിക്കാക്കുവിൻ, അനാഥനു ന്യായം നടത്തിക്കൊടുപ്പിൻ. വിധവയ്ക്കുവേണ്ടി വ്യവഹരിപ്പിൻ.

C: കർത്താവേ, വി. മാമോദീസായിലൂടെ ഞങ്ങൾ കഴുകപ്പെടുന്നുവെങ്കിലും, ഞങ്ങളോട് ക്ഷമിച്ച് ഞങ്ങളെ മറ്റുള്ളവരോടും, സൃഷ്ടിയോടും നിരപ്പുള്ളവരാകാൻ ഞങ്ങളെ പുതുക്കേണമേ.

L: വരുവിൻ നമുക്കു തമ്മിൽ വാദിക്കാം എന്ന് യഹോവ അരുളിച്ചെയ്യുന്നു. നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും. രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും.

L: വലിയവനായ ദൈവമേ ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ട് ഞങ്ങൾക്ക് കരുണയും പാപമോചനവും നല്കേണമേ.

**പ്രാർത്ഥന**

L: ദൈവമേ അനീതിയും ഭിന്നതകളും ഉള്ളവരായ ഞങ്ങളുടെ പാപങ്ങളെ ഏറ്റുപറയുന്നതിന് ഞങ്ങൾക്ക് കരുതിയ ഈ അവസരത്തിനായി ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അവിടുത്തെ വിശുദ്ധ കൂട്ടായ്മയും അങ്ങയുടെ വൈവിധ്യമാർന്ന സൃഷ്ടിയുടെ മനോഹാരിതയുടെ സമഗ്രതയ്ക്കായി ഞങ്ങൾ അങ്ങയെ

വാഴ്ത്തുന്നു. ഞങ്ങളിൽ ചിലർ അടിമകളായിരുന്നവരുടെ പിൻമുറക്കാരെ, അടിമ ത്വത്തെ നിലനിർത്തിയിരുന്നവരുടെ പിൻതലമുറക്കാരാണ്. ഞങ്ങളിൽ ചിലർ പ്രവാസികളോ അഭയാർത്ഥികളോ ആണ്. എന്നാൽ ഞങ്ങൾ എല്ലാവരും ക്രിസ്തുശരീരത്തിന്റെ ഭാഗങ്ങളാണ്. സ്നാനപാനത്തിലൂടെ ഞങ്ങളുടെ പാപങ്ങൾ കഴുകപ്പെടുകയും ഞങ്ങളെ സൗഖ്യമുള്ളവരാക്കുകയും ചെയ്തതിനാൽ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.ഈ വിശ്വാസയാത്രയിൽ വൈവിധ്യങ്ങളെ ആഘോഷിക്കുന്നതിനും, വ്യത്യസ്തതകളെ ഉൾക്കൊള്ളുവാനും ഞങ്ങളെ തുണയ്ക്കേണമേ. ഞങ്ങൾ ഒരു കുടുംബമായി അങ്ങയുടെ സന്നിധിയിൽ ചേർന്നു വന്നിരിക്കുന്നു എന്ന അവബോധം ഞങ്ങളിൽ ഉണർത്തേണമേ.

C : ആമേൻ

**ഗീതം**

**വായന :** എഫെ : 2 : 13 - 22

**മദ്ധ്യസ്ഥ പ്രാർത്ഥന**

പ്രതിവാക്യം : നിന്റെ പാതകളെ എനിക്കു ഉപദേശിച്ചു നീതിബോധത്തോടെ എന്നെ നടത്തേണമേ.

L: കരുണയുള്ള ദൈവമേ ഭിന്നതകൾ മൂലം ഞങ്ങൾക്ക് ഉണ്ടായിട്ടുള്ള കേടുപാടുകൾ നീക്കാൻ ഞങ്ങളെ സഹായിക്കേണമേ,

L: ദൈവം ഞങ്ങളുടെ ചെയ്തികൾ നിമിത്തം പ്രകൃതിയും മനുഷ്യ ആവാസ ഇടങ്ങളും മലിനമാക്കപ്പെട്ടുപോയി. ദൈവം നല്കിയ വിഭവങ്ങളെ ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യുവാൻ ഞങ്ങളെ പഠിപ്പിക്കേണമേ.

L: ക്രിസ്തുവേ അവിടുത്തെ ജീവിതവും ശുശ്രൂഷയും .വേർപാടുകളുടെ മതിലുകളെ ഇടിച്ചു കളയുകയും നന്മ മാത്രം പ്രവർത്തിച്ച് നീതി നിഷ്ഠമായത് തന്നെ കാണിക്കുകയും ചെയ്തു. ഞങ്ങൾ വ്യത്യസ്തരാണെങ്കിലും അങ്ങയിൽ ഞങ്ങൾ ഒന്നാണെന്ന സത്യം തിരിച്ചറിയുവാൻ ഞങ്ങളുടെ ഹൃദയങ്ങളെ തുറക്കേണമേ.

L: പരിശുദ്ധാത്മാവേ അവിടുന്ന് ലോകത്തെ പുനർസൃഷ്ടി ചെയ്യുന്നു. പർവ്വതങ്ങളും, ഇടിമിന്നലും പ്രകൃതിയുടെ താളക്രമങ്ങളും ഞങ്ങളോട് സംസാരിക്കുന്നു.

L: ദരിദ്രരുടെ ലോകം, പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്നവരുടെയും പീഡിതരുടെയും ശബ്ദം സംസാരിച്ചുകൊണ്ടിരിക്കുന്നു.

L: എല്ലാറ്റിനുമുപരിയായി ഞങ്ങളുടെ ഹൃദയം അങ്ങിലേക്ക് ഉയർത്തി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

C : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........

**സമാപന പ്രാർത്ഥന**

നിത്യനായ ദൈവമേ, ഇവിടെ കൂടിയിരിക്കുന്ന ഞങ്ങളെ അവിടുത്തെ ഹിതം നിവൃത്തിക്കുന്നതിനായി അയയ്ക്കേണമേ. ഞങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കാനും, നന്മ ചെയ്യുവാനും, നീതി അന്വേഷിക്കുവാനും ഞങ്ങളെ ഉത്സഹിപ്പിക്കണമേ. നിന്റെ ഏകപുത്രൻ യേശുവിനെ ലോകത്തിന്റെ ജീവനായി അവിടുന്ന് അയച്ചു എന്ന് ലോകം അറിയേണ്ടതിന് ഞങ്ങളിലെ ഐക്യം അവിടുന്ന് നിലനിർത്തേണമേ.

ആശിർവാദം : കർത്താവി നിന്നെ അനുഗ്രഹിച്ചു കാക്കുമാറാകട്ടെ. തിരുമുഖം നിന്റെ മേൽ പ്രകാശിപ്പിച്ച് നിന്നോടു കൃപയുള്ളവനാകട്ടെ. കർത്താവ് തിരുമുഖം നിന്റെ മേൽ ഉയർത്തി നിനക്കു സമാധാനം നൽകുമാറാകട്ടെ. ആമേൻ

**ഗീതം**

**പ്രസംഗം**

തയ്യാറാക്കിയത് : **കമാൻഡർ ടി.ഒ ഏലിയാസ്**

## ഒന്നാംദിവസം

# നന്മചെയ്യുവാൻ പഠിക്കുക

യെശയ്യാ 1:12-18

ലൂക്കോസ് 10:25-36 അവൻ യേശുവിനോട്, "എന്റെ അയൽക്കാരൻ ആർ?'

ജീവിതത്തിന്റെ സമസ്ത മേഖലകളിലേക്കും ദൈവം പുനർസന്ദർശനം നടത്തുന്ന അനുഭവമാണ് പുതിയനിയമം. അതുകൊണ്ട് 'കർത്താവായ യേശുവേ വേഗം വരേണമേ' എന്ന നിലവിളിയോടെയാണ് പുതിയനിയമം അവസാനിക്കുന്നത്. നിയമാവലികളേയും ആചാരങ്ങളേയുമെല്ലാം പൊളിച്ചെഴുതുകയും അവയ്ക്ക് പുതിയ ഭാഷ്യം നൽകുകയും ചെയ്യുകയുമാണിതിൽ. ഇതിൽ നിരന്തരം മുഴങ്ങികേൾക്കുന്ന യേശുവിന്റെ ശബ്ദം "നിങ്ങൾ ഇങ്ങനെ കേട്ടിട്ടുണ്ട്, എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു..."എന്ന തരത്തിലുള്ള പുതിയ ഭാഷ്യനിർവചനമാണ്. അപ്പൻ, അമ്മ, സഹോദരൻ, അയൽക്കാരൻ, അധികാരി, അന്യമതസ്ഥർ തുടങ്ങി സകലതും ഇതിലൂടെ പുനർനിർവ്വചിക്കപ്പെടുകയാണ്. ഉദാഹരണത്തിന് ഉദരം പങ്കിട്ടയാൾ `എന്നർത്ഥമുള്ള സഹോദരൻ എന്ന പദത്തെ യേശു പുനർനിർവ്വചിച്ചത് 'ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവനാണ് സഹോദരൻ' എന്നാണ്. ഒരേ ലക്ഷ്യത്തിൽ ചലിക്കുന്നവനാണ് സഹോദരൻ എന്ന പുനർനിർവ്വചനംമാത്രമല്ല, രക്തബന്ധത്തിൽ മാത്രം അധിഷ്ഠിതമായിരുന്ന അപ്പൻ, അമ്മ, മകൻ തുടങ്ങി സകല സംജ്ഞകളേയും തിരുത്തിയെഴുതുന്നതാണു പുതിയനിയമം.

അതുവരെയുണ്ടായിരുന്ന 'അയൽക്കാരൻ' എന്ന സങ്കൽപ്പത്തേയും യേശു പുനർനിർവ്വചിക്കുന്നതാണ് പ്രാർത്ഥനാവാരത്തിന്റെ ആദ്യദിന ചിന്താവിഷയം. തന്റെ മതിലിനപ്പുറം താമസിക്കുന്ന ഒരാൾ, അല്ലെങ്കിൽ ഭാഷാപരമായും, വർണ്ണപരമായും, ഗോത്രപരമായും, ഭൂമിശാസ്ത്രപരമായും, അരികെയുള്ള ആൾ എന്നോ, മതപരമായുള്ള സാമ്യമുള്ള ആൾ എന്നോ ആയിരുന്നു 'അയൽക്കാരൻ' എന്ന സംജ്ഞക്ക് അതുവരെയുണ്ടായിരുന്ന നിർവ്വചനം. എന്നാൽ ഇനിമുതൽ നിങ്ങളുടെ കരുണയും ഇടപെടലും ആവശ്യമായ ഭൂമിയിലുള്ള എന്തു വൈരുദ്ധ്യവും നിങ്ങളുടെ അയൽക്കാരനാണെന്ന് പുനർനിർവ്വചിക്കുന്നതിനായി നല്ല ശമര്യക്കാരന്റെ കഥ യേശു പറഞ്ഞു. യേശുവിന്റെ കഥകളെല്ലാം അവസാനിക്കുന്നത് നാഥാൻ പ്രവാചകൻ കഥ പറയുമ്പോലെ നിങ്ങൾക്കുനേരെ വിരൽ ചൂണ്ടിക്കൊണ്ടാണ്. അക്കാലത്തെ ജെരുശലേമിൽനിന്ന് യരീഹോവിലേക്കുള്ള രക്തവഴി (Blood Path) എന്ന നടവഴിയിലെ കഥയാണിത്. കള്ളന്മാരും പിടിച്ചു പറിക്കാരുമൊക്കെയുള്ള അപകടംപിടിച്ച വിജനപാതയായിരുന്നതിനാലാവാം 'രക്തവഴി' എന്നപേരിൽ ആ പാത അറിയപ്പെട്ടിരുന്നത്. ഇത്തരക്കാരുടെ കയ്യിലകപ്പെട്ട് അവിടെ ഒരു മനുഷ്യൻ അർദ്ധപ്രാണനായി കിടക്കുകയാണ്. അപകടത്തിൽപ്പെട്ട ആളിന്റെ ആദ്യമണിക്കൂറിനെ ഗോൾഡൻ അവർ(Golden hour)എന്നാണ് അറിയപ്പെടുന്നത്. പരിചരണം നൽകിയാൽ ജീവൻ രക്ഷിക്കാവുന്ന സമയമാണിത്. ഈ സമയത്താണ് അവനിരികേകൂടി ഒരു പുരോഹിതനും ലേവ്യനും കടന്നുപോകുന്നത്. ഇരുവരും പള്ളിയുമായി ബന്ധപ്പെട്ടു നിൽക്കുന്നവരായിരുന്നു. പള്ളിയിൽ പോകുന്ന ഏവരും സ്വയം ആത്മപരിശോധനയ്ക്ക് വിധേയമാക്കേണ്ട വിഷയമാണിത്. മനുഷ്യരുമായി ബന്ധപ്പെട്ട വിഷയങ്ങളിൽനിന്ന് ദൈവവുമായി ബന്ധപ്പെട്ട മനുഷ്യർ മുഖംതിരിച്ചുകളയുന്നുവെന്നത് കഠിനമാണ്. അതിനവർക്ക് ആചാരപരമായ പല കാരണങ്ങളും പറയുവാനുണ്ടാവും. മൃതശരീരത്തെ തൊട്ട് പുലയായാൽ പള്ളിയിൽ കയറാനാവില്ല എന്ന നിയമവും അന്നു പ്രാബല്യത്തിലുണ്ടായിരുന്നു. എന്നാൽ അത്തരം പള്ളിനിയമങ്ങളെയാകെ യേശു പൊളിച്ചെഴെതുകയാണീ കഥയിൽ. പള്ളിയുടെ വാതിൽക്കൽ ഭിക്ഷതേടിയിരുന്നൊരു യാചകന്റെ കഥ കേട്ടിട്ടുണ്ട്. പകൽ മുഴുവൻ പള്ളിവാതില്ക്കലിരുന്നിട്ടും ഒരു നാണയത്തുട്ടുപോലും അയാൾക്കു കിട്ടിയില്ല. വെറുംകയ്യോടെ മടങ്ങിയ അയാൾ സന്ധ്യക്ക് ഒരു മദ്യശാലക്കുമുന്നിൽ ഭിക്ഷക്കിരിക്കുകയും ഭേദപ്പെട്ട അളവിൽ നാണയത്തുട്ടുകൾ അവിടെനിന്നും ലഭിക്കുകയുമുണ്ടായി. " ദൈവമേ നിന്റെ മേൽവിലാസം ഒരിടത്തും, നിന്റെ താമസ്സം മറ്റൊരിടത്തുമാണല്ലോ'' എന്ന് അയാൾ നെടുവീർപ്പിട്ട കഥ ഫലിതമെന്നു തോന്നുമെങ്കിലും അതു ഗൗരവസ്വഭാവമുള്ളതാണ്. ദൈവവുമായി ബന്ധപ്പെട്ട മനുഷ്യർ മനുഷ്യരുമായി ബന്ധപ്പെട്ട വിഷയങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുന്നുവെന്ന കഠിനാനുഭവമാണ് നല്ല ശമര്യക്കാരൻ എന്ന കഥയിലെ ആദ്യചിന്ത. അർദ്ധപ്രാണനായി കിടക്കുന്ന മനുഷ്യനരികിൽനിന്ന് അങ്ങനെ ഓരോരുത്തരായി ഒഴിഞ്ഞുമാറുമ്പോൾ അവിടെയൊരു നല്ലമനുഷ്യൻ വരുന്നു. ഇന്നോളം നല്ലമനുഷ്യരെല്ലാം അറിയപ്പെടുന്നത് ശമര്യാക്കാരനായ ഈ നല്ലമനുഷ്യന്റെ പേരിലാണ്. 'നല്ല ശമര്യാക്കാരൻ' എന്ന പേരിൽ ഇൻഡ്യാഗവൺമെന്റുപോലും ഒരു നിയമമുണ്ടാക്കിയിട്ടുണ്ട്. വാഹനപകടത്തിൽപ്പെടുന്നവരെ സഹായിക്കുന്നവരുമായി ബന്ധപ്പെട്ട ഈ നിയമം യേശുവിന്റെ നാവിൽനിന്നുവന്ന ഈ നല്ല ശമര്യാക്കാരന്റെ നാമധേയത്തിലാണ്. പരോന്മുഖതയോടെ ജീവിക്കുന്ന എല്ലാ ഇടങ്ങളിലും ഈ നാമത്തിനു വല്ലാത്ത മുഴക്കമുണ്ട്. ഇയാൾക്കു മുമ്പേ ഇതുവഴി കടന്നുപോയവരൊക്കെ

ചിന്തിച്ചത്. "വഴിയിൽ കിടക്കുന്ന ഇയാളുടെ കാര്യത്തിൽ ഇടപെട്ടുപോയാൽ എനിക്കെന്തൊക്കെ സംഭവിക്കാം?" എന്നായിരുന്നു. എന്നാൽ ഇതേമനുഷ്യനെ നല്ല ശമര്യാക്കാരൻ കാണുന്നത് വിപരീത ദിശയിലാണ്. "ഇയാളുടെ കാര്യത്തിൽ ഞാനിടപെട്ടില്ലെങ്കിൽ ഇയാൾക്കെന്തു സംഭവിക്കും?" എന്നാണ് ശമര്യാക്കാരൻ ചിന്തിച്ചത്. ഭൂമിയിലുള്ള സമസ്ഥമനുഷ്യരേയും ആകെ രണ്ടു ഗുണങ്ങളായാണ് ബൈബിൾ വേർതിരിക്കുന്നത്. ഇവയിൽ ഒരു ഗണം ചിന്തിച്ചത് മറ്റുള്ളരുടെ കാര്യത്തിൽ ഇടപ്പെട്ടാൽ തങ്ങൾക്ക് എന്തുസംഭവിക്കും എന്നായിരുന്നു. എന്നാൽ രണ്ടാമത്തെ ഗണം വ്യാകുലപ്പെട്ടത് മറ്റുള്ളരുടെ കാര്യത്തിൽ കാര്യത്തിൽ ഇടപെട്ടില്ലെങ്കിൽ ആ മനുഷ്യർക്ക് എന്തു സംഭിവിക്കും? എന്നായിരുന്നു. ഈ രണ്ടാമത്തെ കൂട്ടരെയാണ് 'അയൽക്കാർ' എന്നു വിളിക്കുന്നത്.

ഈ കഥയിലെ നല്ലവനായ ശമര്യാക്കാരൻ ജൂതന്മാരുടെ ശത്രുപക്ഷത്തുള്ള അന്യമതസ്ഥനാണ്. ഇരുമതങ്ങളുടേയും ഇടയിൽ വലിയ സംഘർഷവുമുണ്ട്. യേശുപറഞ്ഞ ഈ കഥയിലെ നല്ല കഥാപാത്രം അന്യമതത്തിൽപ്പെട്ടവനാണ്. കഥകൾ പറയുമ്പോൾ ഇതര മതങ്ങളിലെ നല്ലമനുഷ്യരെ അടയാളപ്പെടുത്തുകയെന്നതാണ് ഏറ്റവും വലിയ ആത്മീയ പക്വത. ഇതര മതങ്ങളിലെ വെളിച്ചമുള്ള മനുഷ്യർക്കുള്ള വാഴ്ത്തുപാട്ട് ഈ കഥയ്ക്ക് ഭംഗി നൽകുന്നുവെന്നുമാത്രമല്ല നല്ലഅയൽക്കാർ ഇത്തരത്തിൽപ്പെട്ടവരാണെന്ന സന്ദേശവും നൽകുന്നു.

നാലാമതായി മുറിവേറ്റ് മരണാസന്നനായ മനുഷ്യനെ  നല്ല ശമര്യാക്കാരൻ വഴിയമ്പലത്തിൽ ഏൽപ്പിക്കുകയും അയാളെ ശുശ്രൂഷിക്കുവാൻ ഏർപ്പാടുചെയ്യുകയുമാണ്. ഒരുനാൾ കഴിഞ്ഞ് രണ്ടുവെള്ളിക്കാശ്  വഴിയമ്പലക്കാരനു കൊടുത്ത് "ഞാൻ മടങ്ങിവരുമ്പോൾ കണക്കുതീർത്തുകൊള്ളാം"  എന്നു പറഞ്ഞു. നമ്മുടെകാലത്തെ സഭയുടെ ചുമതല ഈ വഴിയമ്പലത്തിന്റേതാണ്.  എന്നുവരെയാണ് മുറിവേറ്റവനെ ശുശ്രൂഷിക്കേണ്ടതെന്ന ചോദ്യത്തിന്, "ഞാൻ മടങ്ങിവരുവോളം"  എന്നതാണ് മറുപടി. ക്രിസ്തു മടങ്ങി വരുവോളം മുറിവേറ്റവരെ ശുശ്രൂഷിക്കുകയെന്നതാണ് സഭയുടെ ചുമതല. അന്യമതസ്ഥനായ കരുണയുടെ പ്രതീകമായ ഈ നല്ല ശമര്യാക്കാരൻ ക്രിസ്തുവിന്റെ പ്രതീകമായി മാറുകയാണ്.

**ഇന്നിന്റെ ഉത്തരവാദിത്വം**

ക്രൈസ്തവ സഭാവിശ്വാസികൾ പരസ്പരം സ്നേഹിക്കുകയും ഐക്യപ്പെടുകയും മാത്രമല്ല, ഇതരമതങ്ങളിലെ പ്രകാശമുള്ള മനുഷ്യരെ കണ്ടെത്തുകയും, അവരോടു കരുണ കാണിക്കുകയും ചെയ്ത് നമ്മൾ നല്ല അയൽക്കാരായിത്തീരണം.

## പ്രാർത്ഥന

നീതിക്കുവേണ്ടി നിലവിളിക്കുന്നവരെ കരുതുവാൻ കരുണ നൽകുന്ന ദൈവമേ, കരുണയുള്ള നല്ല അയൽക്കാരനായി നിലകൊള്ളുവാൻ അവിടുന്നു ശക്തി നൽകേണമേ. ക്രൈസ്തവരിലും  ക്രൈസ്തവ ഇതരിലുംപെട്ട പ്രകാശമുള്ള മനുഷ്യരെ ഒരേനിരയിൽ കാണുവാൻ അവിടുത്തെ പരിശുദ്ധാത്മാവിനെ ആവസിപ്പിക്കേണമേ, ആമ്മീൻ.

തയ്യാറാക്കിയത് : **ഡോ. ജെയ്സി കരിങ്ങാട്ടിൽ**

## രണ്ടാം ദിവസം

# നീതി നിർവ്വഹിക്കപ്പെടുമ്പോൾ

സദൃ : 21 : 13 – 15
മത്താ : 23 : 23 – 25

ന്യായം പ്രവർത്തിക്കുന്നതു നീതിമാനു സന്തോഷവും ദുഷ്പ്രവൃത്തിക്കാർക്കു ഭയങ്കരവും ആകുന്നു ( സദൃശ്യ. 21: 15 )

ന്യായം, കരുണ, വിശ്വസ്തത ഇങ്ങനെ ന്യായപ്രമാണത്തിൽ ഘനമേറിയവ ത്യജിച്ചു കളയുകയും ചെയ്യുന്നു (മത്താ 23: 23 )

സഭയിലും സമൂഹത്തിലും നീതിയും ന്യായവും യാഥാർത്ഥ്യമാക്കേണ്ടതിന്റെ ആവശ്യം വ്യക്തമാക്കുന്ന സൂക്തങ്ങളാണിവ. നീതി (Justice) യുക്തിപൂർവ്വവും ന്യായയുക്തമായ പെരുമാറ്റമാണ്. നീതിയിൽ നിയമം, കടപ്പാട്, അവകാശങ്ങൾ, കർത്തവ്യങ്ങൾ എല്ലാം ഉൾക്കൊള്ളുന്നു. ജനങ്ങൾക്ക് അർഹമായത് ലഭിക്കുന്നതാണ് ന്യായം.

പ്ലേറ്റോയും അരിസ്റ്റോട്ടിലും നീതിയുടെ ആദ്യ പാഠങ്ങൾ പങ്കിട്ടവരാണ്. ഏത് സ്ഥാപനത്തിന്റെയും പ്രസ്ഥാനത്തിന്റെയും അടിസ്ഥാനം നീതിയും ന്യായവും ആയിരിക്കണം എന്നാണ് ഇവരുടെ പ്രബോധനം . നീതിയിൽ സമാധാനവും ജനങ്ങളോടുള്ള ആത്മാർത്ഥമായ ബഹുമാനവും അന്തർലീനമാണ്. ദാനധർമ്മം, കാരുണ്യം, വിവേകം, ഔദാര്യം, അനുകമ്പ, പരോപകാരം എന്നീ സത്ഗുണങ്ങൾ നീതിയിൽ ഉൾക്കൊള്ളുന്നു.

സമകാലീക നീതി സിദ്ധാന്തങ്ങളിൽ സ്വാതന്ത്ര്യവും സമത്വവും ഉൾക്കൊള്ളുന്നു. നീതി, സമത്വം, സമാധാനം, അന്തസ് എന്നിവയെല്ലാം വിശാല അർത്ഥത്തിൽ ഉൾച്ചേരുന്നു. നിയമത്തിന്റെ മുന്നിൽ എല്ലാവരും തുല്യരെന്നത് ദൈവിക നിയമമാണ്. ദൈവം നീതിമാനും നീതി നടപ്പാക്കുന്നവനുമാകുന്നു. ബൈബിൾ വായനകൾ നീതിയുടെ മഹത്വം വിളിച്ചറിയിക്കുന്ന പ്രബോധനങ്ങളാണ്.

നീതിയും ന്യായവും ദൈവത്തിന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു (സങ്കി 89: 14), യഹോവ നീതിമാൻ അവൻ നീതിയെ പുറപ്പെടുവിക്കുന്നു (സങ്കി 11.7), യഹോവയായ ഞാൻ ന്യായം ഇഷ്ടപ്പെടുന്നു (യശയ്യ 61.8 , ആവർത്തനം 32: 3, 4), യഹോവ കൃപയും നീതിയും ഉള്ളവൻ തന്നെ (സങ്കി 116:5)... ഇങ്ങനെ എത്രയോ വാകൃങ്ങൾ. എല്ലാ വാകൃങ്ങളിലും ദൈവത്തിന്റെ നീതി നിർവ്വഹണത്തിന്റെ വിവരണങ്ങൾ അവതരിപ്പിക്കുന്നു.

നീതി നിർവ്വഹണത്തിൽ ദയയും വിശ്വസ്തതയും പരസ്പര പൂരകമാണ്. ബൈബിളിൽ 'നീതി' എന്നും 'ന്യായം' എന്നും ഒരേ അർത്ഥത്തിൽ പറയുന്നു. ദൈവത്തെ, നീതിമാൻ എന്നു വിശേഷിപ്പിക്കുമ്പോൾ ദൈവത്തിന്റെ പക്കൽ മുഖപക്ഷമില്ല എന്നാണ് പൗലോസ് വ്യാഖ്യാനിക്കുന്നത് (റോമ 2.11). ദൈവം ദുഷ്ടതയോ സർവ്വശക്തൻ നീതികേടോ ഒരിക്കലും ചെയ്യുകയില്ല എന്നു ഇയ്യോബ് (34: 10 ) സാക്ഷിക്കുന്നു. പരിജ്ഞാനം, നീതി, ന്യായം, നേർ എന്നിവയ്ക്കായി പ്രബോധനം നൽകണമെന്ന് ശലോമോനും (സദൃശ്യ 1:3) വ്യക്തമാക്കുന്നു. നീതിക്കും ന്യായത്തിനുമായി ശബ്ദിക്കുന്നത് ബലി അർപ്പണത്തേക്കാൾ സ്വീകാര്യമായിരിക്കും. നീതി നിർവ്വഹിക്കപ്പെടുമ്പോൾ നീതിമാൻ ആഹ്ലാദിക്കുന്നു. അനീതിക്കാർക്ക് അത് ദുസ്സഹവുമായിരിക്കും.

ലോകം അനീതിയിലേക്കും അധാർമ്മികതയിലേക്കും നീങ്ങുമ്പോൾ നീതിനിർവ്വഹണത്തിനായി സഭകൾ ദൈവത്തിങ്കലേക്ക് തിരിയണം. തിരസ്കൃതർക്കും അരികുവൽക്കരിക്കപ്പെട്ടവർക്കും നീതി പകരുന്ന ഉത്തരവാദിത്വം മറക്കരുത്. ആധിപത്യത്വത്തിന്റെയും കീഴ്പ്പെടുത്തലിന്റെയും പ്രത്യയശാസ്ത്രം ശക്തിപ്പെടുത്തുന്ന സഭയും സമൂഹവും നീതി നിഷേധിക്കുന്ന സമീപനത്തിന്റെ കാഹളം മുഴുക്കുന്നവരാകും. ആഗോളവൽക്കരണ മൂല്യങ്ങളും സാമൂഹിക മാധ്യമ സംസ്കാരവും നീതി നിഷേധ സമീപനങ്ങളാണ് സൃഷ്ടിക്കുന്നത്.

മതവും ജാതിയും ആണത്വവും അധികാരവും നീതിയെ തടയുകയും നിഷേധിക്കുകയും (delay and deny justice) ചെയ്യുന്നു. നീതി നിഷേധിക്കപ്പെട്ട മത്സ്യ തൊഴിലാളികൾ, ലൈംഗിക പ്രവർത്തകർ, ചുങ്കകാർ, സ്ത്രീകൾ, വിധവകൾ, രോഗികൾ, ഭിന്നശേഷിക്കാർ, കുട്ടികൾ എന്നിവർക്ക് നീതിയും ആർദ്ര സ്നേഹവും പകർന്ന ക്രിസ്തു സമീപനം സഭകളിൽ അന്യമാകുന്നില്ലേ? ദൈവ നിയമം പാലിക്കുന്നവർക്കും കല്പനകൾ ആചരിക്കുന്നവർക്കും 'ദൈവ നീതി' തലമുറകളോളം ലഭിക്കുന്നു (സങ്കി 103:17). ദൈവത്തിങ്കലേക്ക് അടുത്തു ചെല്ലുമ്പോൾ ഭക്തിയും ആത്മതപനവും ഉണ്ടാകുന്നതോടൊപ്പം നീതിബോധവും വർദ്ധിക്കും. എന്നാൽ സഭകളിൽ വിവിധ ആചാര അനുഷ്ഠാന ക്രമങ്ങൾ അനുദിനം രൂപപ്പെടുത്തുമ്പോഴും നീതിയെക്കുറിച്ചും ന്യായത്തെക്കുറിച്ചും വേണ്ടത്ര ബോധ്യമില്ല. നീതി നിഷേധങ്ങളെക്കുറിച്ചും അനീതിയുടെ വർദ്ധവിനെക്കുറിച്ചും സഭകൾ നിശബ്ദത പാലിക്കുന്നു.

ക്രിസ്തു പ്രബോധനങ്ങളിൽ ശക്തമായി നിലനിൽക്കുന്ന ആശയമാണ് സ്നേഹം, നീതി, കരുണ എന്നിവ. നിരവധി ഉപമകളും പ്രബോധനങ്ങളും ഈ വിഷയത്തിൽ നൽകിയിട്ടുണ്ട്. വി.മത്തായി 23: 23 ൽ ക്രിസ്തു പറയുന്നു: ന്യായം, കരുണ, വിശ്വസ്തത ഇങ്ങനെ ന്യായപ്രമാണത്തിൽ ഘനമേറിയവ ത്യജിച്ചു കളയുന്നു. ബൈബിളിൽ ക്രിസ്തീയ മൂല്യങ്ങളായി പറഞ്ഞിരിക്കുന്ന പലതും പ്രായോഗിക ജീവിതത്തിൽ അപ്രസക്തമാക്കുന്ന സമീപനം തിരുത്തപ്പെടണം. നീതി വസിക്കുന്ന ലോകത്തിനായി ശ്രദ്ധാപൂർവ്വം സഭകൾ പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ കഴിയണം.

പഴയ നിയമത്തിൽ പെൺകുട്ടികൾക്ക് ന്യായപൂർവ്വം പിതൃസ്വത്തവകാശം നൽകുന്ന സംഭവം (സഖ്യ 27: 1-8) ശ്രദ്ധേയമാണ്. സെലോഫഹാദിന്റെ മരണശേഷം പുത്രിമാർക്ക് പിതൃസ്വത്തിന്റെ അവകാശം കൊടുക്കണമെന്ന ചട്ടം നടപ്പാക്കി നീതി നിർവ്വഹിക്കപ്പെടുന്നു. പിതൃസ്വത്തിൽ പെൺക്കുട്ടികൾക്ക് സ്വത്തവകാശം ലഭിക്കുന്ന 'പുതിയ നിയമം' യാഥാർത്ഥ്യക്കി, ദൈവം നീതി നിർവ്വഹിക്കപ്പെടുന്നു. അടിച്ചമർത്തപ്പെട്ടവർക്കും നീതി നിഷേധിതർക്കും ചൂഷണത്തിന് വിധേയമാകുന്നവർക്കും പക്ഷം ചേരുവാനും അവരുടെ അവകാശങ്ങൾക്കായി പോരാടാനും സഭകൾക്കും സംഘടനകൾക്കും ഉത്തരവാദിത്വം ഉണ്ട്.

നീതി നടപ്പാക്കുന്നതിന് സഭാ ഭേദമെന്യെ ഏവരും ഐക്യപ്പെടണം. ദൈവസാന്നിധ്യം അനുഭവിക്കുമ്പോൾ നീതി ബോധം ഉണ്ടാകും. ക്രിസ്തുവിൽ അനുരഞ്ജനവും സൗഖ്യവും നീതിബോധവും സ്നേഹസ്പർശവും കാരുണ്യ കർമ്മവും വളർത്തിയെടുക്കുവാൻ കഴിയണം. നേരോടെ ന്യായം പാലിക്കുകയും സഹോദരങ്ങളോട് ദയയും കരുണയും കാണിക്കണമെന്നും സാരം ( സഖ 7: 9) . നീതി പുലരുന്ന ദൈവരാജ്യം ഭൂമിയിൽ യാഥാർത്ഥ്യമാകുന്നതിനായി പ്രാർത്ഥിക്കാം.

## പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, നീതി നിഷേധത്തിൽ ഞങ്ങൾ പങ്കുചേരുന്നതിനാൽ ഞങ്ങളോടു ക്ഷമിക്കണമെ. നീതിമാനായ ദൈവമേ, ഞങ്ങളിൽ നീതിബോധം വളർത്തണമെ. നീതിക്കായി ശബ്ദിക്കുന്ന എല്ലാ ദൈവമക്കളേയും അനുഗ്രഹിക്കണമെ. അരികുവൽക്കരിക്കപ്പെട്ടവർക്ക് കാരുണ്യം പകരുവാനും പക്ഷം ചേരുവാനും സഹായിക്കണമെ. പരിശുദ്ധാത്മ കൃപയാൽ നീതിയിൽ ഞങ്ങൾ ശക്തീകരിക്കപ്പെടണമെ, ആമ്മീൻ

തയ്യാറാക്കിയത് : **ഫാ. ഡോ. റെജി മാത്യു,**
(പ്രിൻസിപ്പാൾ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം)

## മൂന്നാം ദിവസം

# ആധ്യാത്മികതയുടെ മൂന്നു വഴികൾ

മീഖാ: 6 : 6 – 8
മത്തായി: 10 : 17– 31

അധർമ്മവും അനീതിയും കൊടികുത്തിവാഴുന്ന ഇന്നത്തെ ലോകത്തിൽ നീതിയും ധാർമ്മികതയും വീണ്ടെടുത്ത് ദൈവത്തെ ആരാധിയ്ക്കുന്ന ഒരു മാനവികത കണ്ടെത്തുക എന്നതാണല്ലോ ഈ വർഷത്തെ പ്രാർത്ഥനാ വാരത്തിന്റെ പ്രധാന ലക്ഷ്യം. ഇന്നത്തെ ചിന്തകൾക്കായി തിരഞ്ഞെടുത്തിരിയ്ക്കുന്ന രണ്ടു വേദഭാഗങ്ങളും ഈ വിഷയത്തിൽ വളരെ പ്രാധാന്യമുള്ള തിരുവചന ഭാഗങ്ങളാണ്. എട്ടാം നൂറ്റാണ്ടിൽ യഹൂദ്യ രാജ്യത്തിൽ യോഥാം, അഹാസ്, ഹിസ്കീയാവ് എന്നീ രാജാക്കന്മാരുടെ കീഴിൽ പ്രവചന ശുശ്രൂഷ നടത്തിയ മീഖാ പ്രവാചകൻ പഴയനിയമത്തിലെ നീതിയുടെ സുവിശേഷകനായി കണക്കാക്കപ്പെടുന്ന വ്യക്തിയാണ്. ഉസ്സീയാ രാജാവിന്റെ പുത്രനായിരുന്ന യോഥാമിന്റെയും തെക്കൻ രാജ്യത്തിലെ ഏറ്റവും മോശപ്പെട്ട രാജാക്കന്മാരിൽ ഒരുവനായ ആഹാസിന്റെയും, ഭക്തനായ ഹിസ്കീയ രാജാവിന്റെയും ഭരണകാലത്തിൽ രാജ്യത്ത് നീതിയുടെ കാവൽക്കാരനായിരുന്നു മീഖാ പ്രവാചകൻ. പുതിയ നിയമ ഭാഗത്ത് നാം കാണുന്ന യുവാവ് ന്യായാധിപനും, ധനികനും, ദൈവഭക്തനുമായിരുന്നെങ്കിലും യേശുക്രിസ്തു അവന്റെ ആധ്യാത്മിക ബോധങ്ങളിലെ നീതിരാഹിത്യം വെളിവാക്കിക്കൊടുക്കുന്നതായി നാം വായിക്കുന്നു.

എന്തായിരുന്നാലും രണ്ട് വേദഭാഗങ്ങളിലേയും താക്കോൽ വാക്യത്തിലേക്ക് നമ്മുടെ ശ്രദ്ധ തിരിയ്ക്കാം. "നീതി പ്രവർത്തിക്കുക; സുസ്ഥിര സ്നേഹം കാണിയ്ക്കുക; ദൈവത്തിന്റെ സന്നിധിയിൽ വിനീതനായി നടക്കുക. ഇതല്ലാതെ മറ്റെന്താണ് ദൈവം ആവശ്യപ്പെടുന്നത്?"(മാഖാ 6:8). ഈ വാക്യം പഴയനിയമത്തിന്റെ സുവർണ്ണ വാക്യമാണ്. ഇന്നത്തെ മനുഷ്യരും മീഖാ പ്രവാചകൻ സൂചിപ്പിക്കുന്നതുപോലെ ആധ്യാത്മികതയുടെ ഉപരിപ്ലവങ്ങളായ കാര്യങ്ങളിൽ മാത്രമാണ് ശ്രദ്ധിയ്ക്കുന്നത്. ഒരുവയസ്സുള്ള കാളക്കിടാവിന്റെ ഹോമയാഗവും, ആയിരക്കണക്കിന് മുട്ടാടുകളും, നൂറുകണക്കിന് തൈല നദികളുമെല്ലാം കണ്ട് ദൈവം പ്രസാദിക്കുമെന്ന മിത്ഥ്യാധാരണ (മീഖാ. 6:6–7) ക്രിസ്തു വിശ്വാസികളെയും വഴിതെറ്റിച്ചിരിക്കുന്നു. പ്രാർത്ഥനയുടെയും, നോമ്പിന്റെയും, ഉപവാസത്തിന്റെയും മാത്രം ബലത്തിൽ നാം രക്ഷയുടെ പാതയിൽ വിജയിക്കുകയില്ലെന്നത് ബോധ്യപ്പെടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇവയെല്ലാം നമ്മെ നയിക്കേണ്ടത് സത്യവും, ധർമ്മവും, നീതിയുമുള്ള ഒരു ആധ്യാത്മിക ജീവിതത്തിലേക്കാണ്. മീഖാ പ്രവാചകനിലൂടെ നാം വായിക്കുന്ന ദൈവവചനത്തിലെ മൂന്നു വഴികൾ താഴെ പറയുന്നവയാണ്:

**a) നീതി പ്രവർത്തിക്കുക:** എബ്രായ ഭാഷയിലെ Mizpat (justice), Tsedeq (righiteousness) എന്നീ പദങ്ങൾ കേവലം ആശയരൂപീകരണത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്ന നീതിയെപ്പറ്റി മാത്രമല്ല പറയുന്നത്. അവ പ്രവർത്തിപഥത്തിൽ എത്തുമ്പോഴാണ് നീതി നടപ്പാക്കുന്നത്. അമർത്യാ സെൻ എഴുതിയ The idea of Justice എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ക്ലാസ്സിക്കൽ സംസ്കൃതത്തിലെ Niti എന്നപദത്തെയും Nyaya എന്നപദത്തെയും തമ്മിൽ വേർതിരിയ്ക്കുന്നുണ്ട്. 'നീതി' എന്നത് പുരാതന ഭാരതത്തിൽ നിയമനിർമ്മാണത്തിലും, ആശയ രൂപീകരണത്തിലും പരിമിതപ്പെട്ടിരുന്നുവെങ്കിൽ 'ന്യായം' അതിന്റെ ജഡാവതാരമായി കണക്കാക്കപ്പെട്ടിരുന്നു. നൂറ്റിമുപ്പതു കോടി ജനങ്ങൾ അധിവസിക്കുന്ന ഭാരതത്തിൽ എല്ലാവർക്കും തുല്യമായ അവസരങ്ങളും, പൊതുവിദ്യാഭ്യാസവും, ചിലവ് കുറഞ്ഞ ആരോഗ്യപരിപാലനവും, സാധാരണക്കാരന് വഹിക്കാവുന്ന ഉപജീവനമാർഗ്ഗങ്ങളും ലഭ്യമാകേണ്ടിയിരിക്കുന്നു. ഭൂരിപക്ഷത്തിനുമാത്രം നീതി ഉറപ്പാക്കുന്ന ഭരണസമ്പ്രദായം ആധുനിക ഭാരതത്തിന്റെ പരാജയമാണ്. Matsya Nyaya യിൽ പറയുന്ന 'അനീതിയുടെ വഴികളിലെ ഭീകരത' ഒഴിവാക്കുമ്പോൾ മാത്രമാണ് നീതി യാഥാർത്ഥ്യമാവുന്നത്.

**b) സുസ്ഥിര സ്നേഹം കാണിയ്ക്കുക:** Hesed എന്ന എബ്രായ പദം കരുണയും, നന്മയും, വിശ്വസ്തതയും, കരുതലും, സ്നേഹവും എല്ലാം നിറഞ്ഞ ജീവിത ശൈലിയെയാണ് സൂചിപ്പിക്കുന്നത്. ഇതു പുതിയ നിയമത്തിലെ Agape എന്ന ഗ്രീക്കു പദത്തിലേക്കുള്ള ചൂണ്ടുപലകയാണ്. നിർവ്യാജവും, പ്രതിഫലേച്ഛയില്ലാത്തതും, മുൻ വിധികൾ വച്ചുപുലർത്താത്തതുമായ മനുഷ്യബന്ധങ്ങളിലൂടെ നാം ദൈവത്തോടടുക്കുമ്പോഴാണ് നമ്മുടെ സ്നേഹം പൂർണ്ണമാവുന്നത്. ആവർത്തന പുസ്തകം 24:17 ൽ പറയുന്ന വിധവകളോടും, അനാഥരോടും, അതിക്രമങ്ങൾക്ക് വിധേയരാകുന്നവരോടുമുള്ള സ്നേഹവും കരുതലുമാണ് നമുക്ക് ഇന്നാവശ്യം. അതു

ഉത്സവകാലങ്ങളിൽ (ക്രിസ്തുമസ്, ഈസ്റ്റർ, ഓണം) മാത്രം പരിമിതപ്പെടുത്താതെ സുസ്ഥിരമായ ഭാവത്തിലുള്ളതായിരിക്കണം. സമൂഹത്തിലെ ദുർബല വിഭാഗങ്ങളോട് (Vulnerable people) കരുതൽ കാണിക്കാതെ ക്രൈസ്തവ സഭകൾക്ക് അവരുടെ ദൗത്യം പൂർത്തിയാക്കുവാനൊക്കുകയില്ല. പുണ്യശ്ലോകനായ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ Sin of Being Rich in a Poor World എന്നയാശയം നമ്മുടെ മനസ്സാക്ഷിയെ കുത്തിനോവിക്കുക തന്നെ വേണം.

**c) ദൈവസന്നിധിയിൽ വിനീതനായി നടക്കുക:** അപ്പോസ്തോല പ്രവർത്തികളിൽ ക്രിസ്തു സഭയെ 'മാർഗ്ഗം' (Way) എന്ന ആശയത്തെയാണ് വിവക്ഷിയ്ക്കുന്നത്. സഭ കേവലം ഒരു സ്ഥാപനമല്ല; മറിച്ച് അതൊരു ജീവിത ശൈലിയാണ്. ലോകത്തിന്റെ ആർഭാടവും, ധൂർത്തും, ആർത്തിയും മാതൃകയാക്കുന്ന സഭയും വിശ്വാസിയും ക്രിസ്തുവിന് അപമാനമായി പരിണമിയ്ക്കും. അധികാരത്തിന്റെ ഗർവ്വും, ജീവിത ശൈലിയിലെ ആർഭാടവും, കെട്ടുകാഴ്ചകളും കൊണ്ട് ഇന്ന് ആരെയും ക്രിസ്തുവിലേക്ക് ആകർഷിക്കാമെന്ന് വിചാരിക്കരുത്. മറിച്ച്, ഫിലിപ്യർ 2:5-11 ൽ പറയുന്ന 'സ്വയം വെറുമയാക്കലിന്റെ' ക്രിസ്തുശാസ്ത്രമാണ് നമ്മുടെ മാതൃകയായി സ്വീകരിക്കേണ്ടത്. ഫ്രാൻസിസ് മാർപാപ്പ മാൾട്ടായിലെ ജനങ്ങളോട് പറഞ്ഞത് ശ്രദ്ധിയിക്കുക (2015): "This is how the Lord acts: He does things simply. He speaks silently to you, to the heart. Let us remember in our lives the many time in which we have felt these things; the humility of God is His style". ദൈവത്തിന്റെ ശൈലി ലാളിത്യമാണ്. ധനത്തോടും, വസ്ത്രത്തോടും, ജീവിതസാഹചര്യങ്ങളോടുമുള്ള നമ്മുടെ കാഴ്ചപ്പാട് ലളിതമായിരിക്കണം.

## പ്രാർത്ഥന

നീതിമാനും, സ്നേഹവാനുമായ ദൈവമെ, നീ ഞങ്ങളെ നീതിയുള്ളവരും സ്നേഹത്തിൽ സുസ്ഥിരത കാത്തുസൂക്ഷിക്കുന്നവരും, നിന്നോടുള്ള ബന്ധത്തിൽ വിനയത്തോടെ നടക്കുന്നവരുമാക്കിത്തീർക്കണമെ. ഇതിനെതിരായി ഉണ്ടാവുന്ന സകല പ്രലോഭനങ്ങളെയും അതിജീവിയ്ക്കുവാൻ ഞങ്ങളെ സഹായിക്കണമെ. ആമ്മീൻ.

തയ്യാറാക്കിയത് : **റവ. വിനോദ് വിക്ടർ**

## നാലാം ദിവസം

# പീഡിതന്റെ കണ്ണുനീർ കാണുക

സഭാപ്രസംഗി 4 : 1 – 5
മത്തായി 5 : 1 – 8

'പിന്നെയും ഞാൻ സൂര്യനു കീഴെ നടക്കുന്ന പീഡനങ്ങൾ എല്ലാം കണ്ടു. പീഡിതൻ കണ്ണുനീരൊഴുക്കുന്നു. അവർക്കു ആശ്വാസപ്രദൻ ഇല്ല'. സഭാപ്രസംഗി 4 : 1

ലോകം മുഴുവൻ ഒരിക്കൽക്കൂടി ഐക്യ പ്രാർത്ഥനാ വാരം ആഘോഷിക്കുകയാണല്ലോ. ഏതൊരു ഐക്യസംരംഭത്തിനും ഒരു ഉദ്ദേശമുണ്ട്. സഭൈക്യ ദർശനം ഉദാത്തമായ സ്വപ്നങ്ങളാൽ നിബിഡമാണ്. ഐക്യത്തിന്റെ സാധ്യതകളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് ഒരുമിച്ച് ദൗത്യത്തിൽ പങ്കുകാരാകുക എന്നത്. സഭയുടെ ഒരുമിച്ചുള്ള ഉത്തരവാദിത്വത്തിൽ ശ്രദ്ധേയമാണ് ഇന്നത്തെ ധ്യാനവിഷയം. 'പീഡിതന്റെ കണ്ണുനീർ കാണുക'. പീഡനങ്ങളുടെ തീവ്രത നേരിട്ടു കാണുമ്പോഴാണ് ആശ്വാസപ്രദരില്ലാതെ വിലപിക്കുന്ന അനേകരെക്കുറിച്ച് നാം തിരിച്ചറിയുന്നത്. കണ്ണീരൊപ്പുന്ന വലിയ ദൗത്യം നാം ഏറ്റെടുക്കേണ്ടതുണ്ട് എന്ന ഓർപ്പെടുത്തലാണിവിടെ.

**കണ്ണുനീർ വിവിധതരം**

കണ്ണുനീരിനെക്കുറിച്ചും അതിന്റെ കാരണങ്ങളെയും ഘടനയെയും കുറിച്ചും സമഗ്രമായ പഠനങ്ങൾ നടന്നിട്ടുണ്ട്. കണ്ണിന്റെ ജലമയം കണ്ണിന്റെ സുരക്ഷിതത്വത്തിനും സംരക്ഷണത്തിനും അനിവാര്യമാണ്. സ്വാഭാവികമായ പരിപ്രവർത്തനഫലമായി ചിലപ്പോൾ കണ്ണീർ വരാറുണ്ട്. കാറ്റടിക്കമ്പോഴും ഉള്ളി മുറിക്കുമ്പോഴും ഇതു സാധാരണയാണ് ചിലരിൽ. എന്നാൽ പലപ്പോഴും വൈകാരിക പ്രതിസ്ഫുരണങ്ങളുടെ പരിണിതഫലമായാണ് നാം കണ്ണുനീരിനെ കാണുക. പിരിമുറുക്കങ്ങൾ ഉണ്ടാകുമ്പോൾ വൈകാരികമായ വിസ്ഫോടനങ്ങൾ സംഭവിക്കുമ്പോൾ, ദേഷ്യം കൈവിടുമ്പോൾ ദു:ഖവും വേദനയും കടിച്ചമർത്താൻ കഴിയാതെ വരുമ്പോൾ ചിലപ്പോഴെങ്കിലും അമിതമായി സന്തോഷിക്കുമ്പോൾ കണ്ണുനീർ സാധാരണമാണ്.

എന്നാൽ ഇവിടെ വിവക്ഷ ചെയ്യുന്ന കണ്ണുനീർ പീഡിതരുടെ കണ്ണുനീരാണ്. വികസിതം എന്നു നാം വിളിക്കുന്ന ആധുനിക സമൂഹത്തിലും യുദ്ധങ്ങളുടെയും പീഡനങ്ങളുടെയും എത്ര അപരിഷ്കൃത ഉദാഹരണങ്ങളാണ് നാം ഇന്നു കൺമുന്നിൽ കാണുന്നത്. ഉള്ളതെല്ലാം ആയുധങ്ങൾ തച്ചുടയ്ക്കുമ്പോൾ, ഉറ്റവരും ഉടയവരും നഷ്ടപ്പെടുമ്പോൾ, കൺമുന്നിൽ ക്രൂരമായി ഉപദ്രവിക്കപ്പെടുമ്പോൾ, ഉള്ളതെല്ലാം ഉപേക്ഷിച്ചു പലായനം ചെയ്യുമ്പോൾ, അന്യദേശങ്ങളിൽ അഭയാർത്ഥികളായി അഭയം പ്രാപിച്ച് രണ്ടാം കിട പൗരന്മാരായി കണ്ണുനീരിൽ ജീവിക്കുമ്പോൾ, പ്രകൃതി ചൂഷണങ്ങൾ തലമുറകളെയും ജനസമൂഹങ്ങളെയും കണ്ണുനീരിലാഴ്ത്തുമ്പോൾ പീഡിതന്റെ കണ്ണുനീർ കാണുവാൻ നമുക്കു കഴിയുന്നുവോ എന്നതു ശ്രദ്ധേയമായ ചോദ്യമാണ്.

**നമ്മുടെ ചുറ്റും നാം കാണാതെ പോകുന്ന കണ്ണുനീർ കയങ്ങൾ**

കണ്ണട എന്ന തന്റെ കവിതയിൽ മാനവികതയുടെ തിമിരത്തെ ചൂണ്ടിക്കാട്ടുന്ന മുരുകൻ കാട്ടാക്കട എന്ന കവി വരച്ചു കാട്ടുന്ന കണ്ണുനീരിൻെറ നിരവധി ചിത്രങ്ങളുണ്ട്. അവയിൽ ചിലതിനെക്കുറിച്ചു ചിന്തിക്കുന്നതു ഉചിതമായിരിക്കും. രക്തം ചിതറിയ ചുവരുകൾ, പൊട്ടിയ താലി ചരടുകൾ, പൊട്ടാ മദ്യക്കുപ്പികൾ, പലിശപട്ടിണി പടികയറുമ്പോൾ പുറകിലെ മാവിലെ കയറുകൾ, പുത്രൻ ബലിവഴിയേ പോകുമ്പോൾ മാതൃവിലാപപാട്ടുകൾ, തെരുവിലെ സ്വപ്നം കരിഞ്ഞ മുഖവുമായുള്ളവർ ശീതീകരിച്ച കാറിനുള്ളിൽ പാൽ നുണയുന്ന ശ്വാനൻ, തിണ്ണയിൽ അമ്പതു കാശിൻ പെൻഷനായി കാത്തുനിൽക്കുന്നവർ, കൊടിപാറും കാറിൽ പായുന്നവർ, കിളിനാദം, ഗതകാലം കനവിൽ നുണയുന്ന മൊട്ടക്കുന്നുകൾ, കുത്തിപ്പായാൻ മോഹവുമായി വരണ്ട പുഴ, വിളയുല്പാദനമില്ലാതെ തവളപാട്ടില്ലാതെ കൂറ്റൻ കുഴികൾ, കുപ്പക്കുഴികളാകുന്ന പാടങ്ങൾ. എത്ര ശക്തമായ കണ്ണുനീരിന്റെ പീഡനത്തിന്റെ ചിത്രമാണ്. കവി പറയുകയാണ് ഒരിക്കൽ ഒരാൾ കണ്ണടവച്ചു ചെകിടടി കുരിശേറ്റം.

പീഡിതന്റെ കണ്ണുനീർ കാണുകയും ഒപ്പുകയും ചെയ്യുകയെന്നുള്ളതു കുരിശിലേക്കു വഴിയാണ്. അതാണ് സഭയുടെ ദൗത്യം. ദു:ഖിക്കുന്നവർ ഭാഗ്യവാന്മാർ എന്നു പറയുന്നതു അവർക്കാശ്വാസം ലഭിക്കും എന്നു വാഗ്ദാനമുള്ളതു കൊണ്ടാണ്.

**ആശ്വാസപ്രദരാക്കുക എന്ന ദൗത്യം**

പീഡിതന്റെ കണ്ണുനീർ കാണുവാനും കണ്ണുനീരൊപ്പുവാനും കൈകോർക്കുമ്പോഴാണ് സഭയുടെ അസ്ഥിത്വം അർത്ഥവത്താകുന്നത്. മരിച്ചവരും ജനിക്കാത്തവരും ഇപ്പോൾ നടക്കുന്ന ക്രൂരതകൾ കാണുന്നില്ലല്ലോ എന്നു സഭാപ്രസംഗി ആശ്വസിക്കുമ്പോഴും പീഢിപ്പിക്കുന്നവരുടെ കൈയിൽ ബലാൽക്കാരം അനുഭവിക്കുന്നവരുടെ രോദനം ആ കാതുകളിൽ മുഴങ്ങുന്നു. എന്നിട്ടും ആശ്വാസപ്രദൻ അവർക്കില്ല എന്ന മഹാവിലാപം ഇന്നും പ്രസക്തമായ വിലാപമാണ്.

ആശ്വാസപ്രദനായ ദൈവത്തെ നാഥനായി നാം ആരാധിക്കുമ്പോൾ ഈ ദൈവഭാവത്തിന്റെ മൂന്നു ചിത്രങ്ങൾ തമസ്ക്കരിച്ചു കൂടാ.

(1) കണ്ണുനീർ കാണുന്ന ദൈവം
ബീർശേബയിൽ ഹാഗാറിന്റെ കണ്ണുനീർ കണ്ട ദൈവം, ഹാഗാറേ എന്തിനു കരയുന്നു എന്നു ചോദിച്ച ആശ്വാസ പ്രദനായ ദൈവം (ഉൽപ്പത്തി 21)

ഹിസ്കിയാവിനോട് - ഞാൻ നിന്റെ പ്രാർത്ഥന കേട്ടു. കണ്ണുനീർ കണ്ടിരിക്കുന്നുഎന്നു പറഞ്ഞ ദൈവം (2 രാജ 20 : 5)

(2) കൂടെ കരയുന്ന ക്രിസ്തു. കരയുന്നതെന്തെന്നു ചോദിക്കുന്ന ക്രിസ്തു.

ലാസറിന്റെ മരണത്തിൽ കണ്ണുനീർ വാർക്കുന്ന ക്രിസ്തു (യോഹ 11: 35), കല്ലറ വാതിലിൽ മഗ്ദലനകാരത്തിയോട് ചോദിച്ചു. എന്തിനു കരയുന്നു എന്നു തന്നെയാണ് (യോഹ 20)

(3) വിലാപങ്ങളെ നൃത്തമാക്കുന്ന ദൈവം
ദൈവരാജ്യ ദർശനത്തിൽ വെളിപാട് 21 : 4 വളരെ ശ്രദ്ധേയമാണ്. ഞാൻ അവരുടെ കണ്ണിൽ നിന്നും കരച്ചിലൊക്കെയും തുടച്ചുകളയും എന്ന വാഗ്ദത്തമാണ് നാം ഇവിടെ ശ്രദ്ധിക്കുന്നതു. കണ്ണീരിൽ നിന്നും വിമുക്തരാക്കപ്പെടുന്ന ദർശനം ദൈവരാജ്യദർശനത്തിന്റെ കാതലാണ്.

**പ്രായോഗിക ചോദ്യം (ചർച്ച)**

ആശ്വാസപ്രദരാകുവാനും, പീഡിതന്റെ പരിവർത്തനത്തിനായും കണ്ണീരൊഴുക്കുന്നവന്റെ കണ്ണുനീരൊപ്പുവാനും ഐക്യത്തോടെ സഭക്കു എന്തൊക്കെ പ്രായോഗികമായി ചെയ്യുവാൻ സാധിക്കും.

## പ്രാർത്ഥന

കണ്ണുനീർത്തുള്ളികൾ പാഴാക്കാതെ തുരുത്തിയിൽ നിറച്ചു കരുതുന്ന ദൈവമേ, ഒരു മഴയും തോരാതിരുന്നിട്ടില്ല എന്ന പ്രത്യാശാ സന്ദേശവുമായി കണ്ണുനീർ കാണുന്നവരായും ആശ്വാസപ്രദരായും ഞങ്ങളെ ഐക്യത്തിൽ രൂപാന്തരപ്പെടുത്തേണമേ. ആമേൻ

തയ്യാറാക്കിയത് : **ശ്രീമതി ആഷി സാറാ ഉമ്മൻ**

### അഞ്ചാം ദിവസം

## നീതിക്കായുള്ള വിലാപകാവ്യങ്ങൾ

സങ്കീ : 137 : 1 - 4
ലൂക്കോ : 23 : 27 - 31

അഭയാർത്ഥി പ്രവാഹങ്ങൾ വളരെയധികം ശക്തമായിക്കൊണ്ടിരിക്കുന്ന ഈ കോവിഡാനന്തര കാലഘട്ടത്തിൽ 137-ാം സങ്കീർത്തനം സവിശേഷമായ ശ്രദ്ധയെ ക്ഷണിക്കുന്നു. നീതി നിക്ഷേധിക്കപ്പെടലുകളുടെ ഒരു പരമ്പര തന്നെയല്ലേ ഈ അഭയാർത്ഥി ക്യാമ്പുകളിൽ കാണാൻ കഴിയുന്നത്. കുടിയിറക്കപ്പെടുന്നവരുടെ ആത്മനൊമ്പരങ്ങൾ അടയാളപ്പെടുത്തുവാൻ ഇന്ന് ഭരണകൂടങ്ങൾക്ക് ബാധ്യത ഇല്ലാതായിരിക്കുന്നു. ഭരണകൂടങ്ങൾ സാമ്പത്തിക കുത്തകകൾക്ക് മുമ്പിൽ അടിയറവു പറഞ്ഞു കഴിഞ്ഞിരിക്കുന്നു. മനുഷ്യാവകാശം, സ്വാതന്ത്ര്യം, അന്തസ്സ് എന്നിവയൊക്കെ ഇപ്പോൾ വെറും കടലാസിലെ രേഖകളായി മാറിക്കഴിഞ്ഞിരിക്കുന്നു.

സ്വന്തം കിടപ്പാടങ്ങളിൽ നിന്നും ഊരുകളിൽ നിന്നും കുടിയിറക്കപ്പെട്ടവരുടെ രോദനം വിലാപ കാവ്യങ്ങളായി പാടുകയാണ് യഹൂദ്യർ. ബാബിലോൺ പ്രവാസത്തിലാകപ്പെട്ട യഹൂദ്യർ പാടുന്ന പാട്ടാണ് (സങ്കീർത്തനമാണ്) 137-ാം സങ്കീർത്തനം. ഇത് ഒരു 'സമൂഹവിലാപം' എന്നാണ് ബൈബിൾ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്. അവർ അവരുടെ കഷ്ടപ്പാടുകളെ, പീഡനത്തെ ഓർത്തെടുക്കുകയാണ്. അവർ തങ്ങളുടെ സ്വന്തം ഗ്രാമത്തിലെ സംരക്ഷണത്തെയും സമൃദ്ധിയേയും ഓർത്തുകൊണ്ട് വിലപിക്കുകയാണ് (lamenting). ഈ നിലവിളിയിൽ എല്ലാമുണ്ട്. തങ്ങൾക്ക് ഈ സ്ഥിതി വരുത്തിയവരോടുള്ള ദ്വേഷ്യവും, എന്നാൽ യഹോവയുടെ ഇടപെടൽ ഉണ്ടാകും എന്നുള്ള പ്രത്യാശയും. നീതി നിക്ഷേധിക്കപ്പെട്ടവർ നീതി പുനഃസ്ഥാപിക്കുവാനായി അലമുറയിടുകയാണ്, തേങ്ങുകയാണ്. ആ തേങ്ങൽ സങ്കീർത്തനങ്ങളായി തലമുറ തലമുറകളായി കൈമാറ്റം ചെയ്യപ്പെടുകയാണിവിടെ.

സമാനമായ എത്രയധികം സാഹചര്യങ്ങൾ നമ്മുടെ ചുറ്റിലും ഉണ്ടാകുന്നു. നീതി നിക്ഷേധിക്കപെട്ടവരുടെ വലിയ വലിയ ലോകങ്ങൾ. അത് സ്വന്തദേശത്ത് പ്രാന്തവൽകൃതരാകുന്നവർ മുതൽ മറ്റു രാജ്യങ്ങളിൽ അഭയം തേടുന്നവർ വരെ. യുദ്ധം, മത തീവ്രവാദം, വിഭവ ചൂഷണങ്ങൾ എന്നിവ വഴി മറ്റു രാജ്യങ്ങളിൽ അഭയാർത്ഥികൾ ആകുന്നവർ ഒരു വശത്ത്. എന്നാൽ വിഭവ ചൂഷണത്തിന്റെയും വികസനത്തിന്റെയും പേരിൽ സ്വന്തം നാട്ടിൽ കുടിയിറക്കപ്പെടുന്ന എത്രയോ മനുഷ്യർ ഇവിടെയുണ്ട്. അടിസ്ഥാന ജനവിഭാഗങ്ങളെ അവരുടെ ഊരിൽ നിന്നും ഏതൊക്കെ ലേബലുകളിൽ ആണ് ഭരണകൂടം നിർദയം കുടിയിറക്കുന്നത്. ഇപ്രകാരം കുടിയിറക്കപ്പെടുന്നവർ അവസാനം ചെന്നെത്തുന്നത് പട്ടണങ്ങളിലെ ചേരി പ്രദേശങ്ങളിലും. എന്നാൽ അവിടെയും ഭരണകൂടത്തിന്റെ ഇരുണ്ട കരങ്ങൾ നഗരസൗന്ദര്യവൽക്കരണത്തിന്റെ പേരിൽ ഇവരെ വീണ്ടും വീണ്ടും കുടിയിറക്കുന്നു.

ഇവരിലൊക്കെ 137-ാം സങ്കീർത്തനക്കാരനെ കാണാൻ ഒരു ക്രിസ്ത്യാനിക്ക് കഴിയുമോ? ഇവരുടെ മുഖങ്ങൾ യഹൂദ്യരുടെ മുഖങ്ങൾ പോലെയല്ലേ ഇരിക്കുന്നത്? ഇവരെ രക്ഷിക്കുവാൻ യഹോവയുടെ കരങ്ങൾ ഇന്നും ബലപ്പെട്ടിരിക്കുന്നില്ലേ? പ്രാന്തസ്ഥിതരാക്കപ്പെട്ടവരുടെ നിസ്സഹായമായ ഈ നിലവിളികൾക്കൊപ്പം തന്നെ കാണേണ്ട, ചേർത്തുവയ്ക്കേണ്ടുന്ന ഭാഗമാണ് നമ്മുടെ രണ്ടാമത്തെ പാഠഭാഗം ലൂക്കോസ് 23: 27- 31.

കുരിശും തോളിൽ ഏറ്റിക്കൊണ്ട് അന്യായമായ പീഡനങ്ങളും സഹിച്ച് യേശു ഗോൽഗോഥ മലയിലേക്ക് നടക്കുന്നു. ഈ ഭാഗം എത്തുമ്പോഴേക്കും യഹൂദിയനായ (കുറേനേകാരനായ) ശീമോനെയും കൂടി യേശുവിന് കൂട്ടായി പടയാളികൾ നൽകുന്നു. യഹൂദ്യർ അന്നും റോമൻ സാമ്രാജ്യത്വത്തിന്റെ അധീനതയിലാണ്. സാമൂഹിക-സാമ്പത്തിക - രാഷ്ട്രീയ പീഡനങ്ങൾക്ക് ഇരകളായി അവർ ജീവിക്കുകയാണ്. റോമൻ സാമ്രാജ്യത്വം അതിന്റെ എല്ലാ ശക്തിയോടും കൂടി പീഡനങ്ങൾ അഴിച്ചുവിട്ടുകൊണ്ടിരിക്കുന്ന കാലഘട്ടം. പുതിയ പുതിയ വികസന പന്ഥാവുകൾ അവർ വെട്ടി തുറന്നു കൊണ്ടിരിക്കുന്നു; pax-Romania. എല്ലാ വഴികളും റോമിലേക്ക്.

സാമ്രാജ്യത്വത്തിന്റെ എല്ലാ ഭീകരതയും നമുക്ക് ഇവിടെ ദർശിക്കാവുന്നതാണ്. അവിടെയാണ് യേശുവിന്റെ നേതൃത്വത്തിലുള്ള പ്രതി സംസ്കാരം (counter culture) ജനശ്രദ്ധ നേടിയത്. അധികാരം

ശുശ്രൂഷയുടേതാവണമെന്നും നേതാവ് ശുശ്രൂഷക്കാരനായിരിക്കണം എന്നൊക്കെ ഉറക്കെ പറഞ്ഞ്, സമൂഹത്തിന്റെ ഒഴിഞ്ഞ കോണുകളിലേക്ക് മാറ്റിനിർത്തപ്പെട്ടവരെ സന്തതസഹചാരികൾ ആക്കി മാറ്റുന്ന നേതൃത്വ ശൈലി. സ്വർഗ്ഗരാജ്യം അവകാശമാകണമെങ്കിൽ നിങ്ങൾ തിരിഞ്ഞ് ശിശുക്കളെപ്പോലെ ആകണമെന്ന് പറഞ്ഞുകൊണ്ട് യഹൂദ മത നേതാക്കൾക്കും കൊടുത്തു ഒരു വെല്ലുവിളി. നിയമങ്ങളുടെ കാർക്കശ്യങ്ങളിൽ മുറുകെപ്പിടിച്ചുകൊണ്ട് പാവപ്പെട്ട ജനങ്ങളെ ഏറ്റവും ഊറ്റിയെടുത്ത വരോട് കുഞ്ഞിൻറെ നിഷ്കളങ്കതയും നൈർമല്യവും ആവശ്യപ്പെട്ട യേശുവിന്റെ നേതൃത്വപാടവം. അയൽക്കാരനെ സ്നേഹിക്കാൻ പഠിപ്പിച്ച ആ 'റബ്ബി', മത നേതാക്കൾക്കും രാഷ്ട്രീയ നേതൃത്വത്തിനും ഒരുപോലെ അനിഷ്ടനായി.

യേശു പിടിക്കപ്പെട്ടു. അവൻ കുരിശും ചുമന്നുകൊണ്ട് മലകയറുകയാണ്. ശരിക്കും ഒറ്റപ്പെട്ടു. സ്നേഹിതന്മാർ എല്ലാം ഒളിവിലാണ്. ആ നിസ്സഹായ അവസ്ഥയിൽ യേശു തന്റെ സ്നേഹിതരുടെ കരച്ചിൽ കേൾക്കുന്നു. അവിടെ കുറച്ച് സ്നേഹിതമാർ വളരെ നിസ്സഹായരായി, ഈ കൊടിയ പീഡനത്തോട് തങ്ങളുടെ കണ്ണുനീരുമായി പ്രതിഷേധിക്കുന്നു. അവരുടെ കരച്ചിൽ യേശുവിന്റെ കർണ്ണപുടങ്ങളിൽ എത്തുവാൻ തക്കവണ്ണം ശക്തമായിരുന്നു. എന്നാൽ ആ വിലാപങ്ങൾ (lamentation) സാമ്രാജ്യത്വത്തിന്റെ കർണ്ണങ്ങൾക്ക് കേൾക്കുവാൻ കഴിയുന്നില്ല.

എല്ലാ സാമ്രാജ്യത്വങ്ങളും അപ്രകാരമാണ്. ബലഹീനവരുടെ കരച്ചിൽ അധികാരത്തിന്റെ കർണ്ണപുടങ്ങളിൽ എത്താറുമില്ല. എത്തിയാൽ അവർക്കത് അരോചകവുമാണ്. നീതി നിഷേധിക്കപ്പെട്ടവരുടെ, അടിസ്ഥാന വർഗ്ഗ സമൂഹങ്ങളുടെ (ആദിവാസി-ദളിത്- സ്ത്രീ) വിലാപങ്ങൾ പല സമരമുഖങ്ങളായി നമ്മുടെ ചുറ്റുപാടുകളിൽ ഉണ്ട്. എന്നാൽ ഇവയൊക്കെ നിശ്ശബ്ദമാക്കപ്പെടുകയോ ദുർബലമാക്കപ്പെട്ടു പോവുകയോ ചെയ്യപ്പെടുന്നു. നാം ആരുടെ പക്ഷത്താണ്? അടിച്ചമർത്തുന്നവരോടൊപ്പമാണോ നമ്മുടെ സ്ഥാനം അതോ യേശുവിന്റെ പാതയാണോ നമ്മുടെ വഴി? സഹജീവികളോട് കരുണ കാണിക്കുവാൻ നമുക്ക് കഴിയുമോ? നന്മ ചെയ്യുവാനുള്ള പല വഴികൾ അന്വേഷിച്ചു കണ്ടെത്തുവാൻ നാം തയ്യാറാകുമോ? ന്യായം അന്വേഷിക്കുന്നവരുടെ ഗണത്തിൽ പങ്കുചേരുവാനായി നമ്മുടെ ജീവിതശൈലിയെ തിരുത്തുവാനുള്ള ആർജ്ജവത്വം നമുക്കുണ്ടോ?

## പ്രാർത്ഥന

സ്നേഹവാനും കാരുണ്യവാനും ആയ കർത്താവേ ഞങ്ങളുടെ ചുറ്റും നടക്കുന്ന വിലാപകാവ്യങ്ങളെ ശ്രദ്ധിക്കുവാൻ ഞങ്ങൾക്ക് മനസ്സ് തരേണമേ. യേശുവേ, അങ്ങേ പോലെ ആലംബഹീനരും അശരണരുമായവരുടെ കണ്ണുനീർ ശ്രദ്ധിക്കുവാനും അവരുടെ നെടുവീർപ്പിന്റെ ശബ്ദം ശ്രവിക്കുവാനും പരിശുദ്ധാത്മ ശക്തിയാൽ ഞങ്ങളെ ശക്തീകരിക്കേണമേ. ആമീൻ.

തയ്യാറാക്കിയത് : **റവ. ബോബി മാത്യു,**
(ഡയറക്ടർ, TMAM റിസർച്ച് & ഓറിയന്റേഷൻ സെന്റർ, മാങ്ങാനം, കോട്ടയം)

## ആറാം ദിവസം

# നീതി നിഷേധവും ന്യായവിധിയും

യെഹെസ്കേൽ 34:15-20
മത്തായി 25:31-40

യേശുക്രിസ്തുവിന്റെ മൂന്നര വർഷത്തെ പരസ്യ ശുശ്രൂഷയിൽ സമൂഹത്തിൽ നീതി പുനഃസ്ഥാപിക്കുവാനും നീതി നിഷേധിക്കപ്പെട്ടവരെ ചേർത്തുനിർത്തുവാനും ശ്രമിച്ചിരുന്നു. റോമൻ സാമ്രാജ്യത്തിന്റെ കിരാതഭരണം മൂലം ഇടം നഷ്ടപ്പെട്ടവർക്കും അരികുവത്ക്കരിക്കപ്പെട്ടവർക്കും മുഖ്യധാരയിൽ നിന്ന് അന്യവത്ക്കരിക്കപ്പെട്ടവർക്കും സമൂഹത്തിൽ തുല്യതയും മാന്യതയും ഉറപ്പാക്കുന്ന ശുശ്രൂഷ യേശുക്രിസ്തുവിന്റെ ദൈവരാജ്യ ശുശ്രൂഷയുടെ ഭാഗമായിരുന്നു. യേശുക്രിസ്തുവിന്റെ ശുശ്രൂഷയുടെ തുടർച്ചക്കാരായ നാം ഈ കാലഘട്ടത്തിൽ സമൂഹത്തിൽ നീതി പുനഃസ്ഥാപിക്കുന്ന പ്രവർത്തനങ്ങളിൽ സഹകാരികൾ ആകുവാൻ ഇന്നത്തെ വേദഭാഗങ്ങൾ നൽകുന്ന ഉൾക്കാഴ്ചകൾ അനാവരണം ചെയ്യുവാനുള്ള ശ്രമമാണ് ഈ ധ്യാനത്തിന്റെ ഉള്ളടക്കം.

### 1. അദൃശ്യരായ 'ചെറിയവരെ' ദൃശ്യരാക്കുന്ന ശുശ്രൂഷ

റോമൻ സാമ്രാജ്യത്തിൽ ശക്തമായ സാമൂഹിക ശ്രേണീകരണം (Social Hierarchy) നിലനിന്നിരുന്നു. സാമൂഹിക ശ്രേണികരണത്തിൽ അടിമകൾ,രോഗികൾ, സ്ത്രീകൾ, കുഞ്ഞുങ്ങൾ തുടങ്ങിയവർക്ക് ഗണ്യമായ സ്ഥാനം ലഭിച്ചിരുന്നില്ല. റോമൻ സാമ്രാജ്യത്തിൽ തിരസ്കരിക്കപ്പെട്ട സമൂഹങ്ങളെ ചേർത്തുനിർത്തുവാൻ യേശുക്രിസ്തു തന്റെ പരസ്യ ശുശ്രൂഷയിൽ ബോധപൂർവ്വമായി ശ്രമിച്ചിരുന്നു. റോമൻ സാമ്രാജ്യത്തിൽ അദൃശ്യരായ (invisible) സമൂഹങ്ങളെ ദൃശ്യവൽക്കരിക്കുന്ന (visible) ശുശ്രൂഷ യേശുക്രിസ്തുവിന്റെ ദൈവരാജ്യ പ്രവർത്തനത്തിന്റെ അവിഭാജ്യ ഘടകമായിരുന്നു. ഇതിലൂടെ നീതി നിഷേധിക്കപ്പെട്ടവരെ തിരിച്ചറിയുവാനും അവരുടെ വൈവിധ്യമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാനും യേശുക്രിസ്തു ശ്രമിച്ചിരുന്നു. ഈ കാലഘട്ടത്തിൽ തങ്ങളുടെ ജീവിത പരിസരങ്ങളിൽ അദൃശ്യമാക്കപ്പെടുന്ന ചെറിയവരെ അന്വേഷിച്ച് കണ്ടെത്തി മുഖ്യധാരയിലേക്ക് കൊണ്ടുവന്ന് അവർക്ക് നീതി ഉറപ്പാക്കുന്ന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയാണ് സഭയുടെ ഉത്തരവാദിത്തം.

### 2. 'ചെറിയവരിൽ' ദൈവമുഖം ദർശിക്കുന്ന ശുശ്രൂഷ

ദൈവത്തോടുള്ള നമ്മുടെ സ്നേഹം പ്രകടിപ്പിക്കേണ്ടത് സഹജീവികളോടുള്ള നമ്മുടെ സ്നേഹം പ്രകടിപ്പിക്കുന്നതിലൂടെ ആകണം എന്ന് മത്തായിയുടെ സുവിശേഷത്തിൽ പരാമർശിച്ചിട്ടുണ്ട്. "എന്റെ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തെടത്തോളം എല്ലാം എനിക്ക് ചെയ്തു എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു എന്ന് അരുളി ചെയ്യും" (മത്താ 25:40). വിശക്കുന്നവർ, ദാഹിക്കുന്നവർ, അതിഥികൾ, നഗ്നർ, രോഗികൾ, തടവുകാർ എന്നിവരിൽ ദൈവമുഖം ദർശിച്ച് അവർക്ക് ശുശ്രൂഷ നിറപടിയായി നിർവ്വഹിക്കുവാനുള്ള ഉത്തരവാദിത്തമാണ് ക്രിസ്തു സഭയെ ഭരമേൽപ്പിച്ചിരിക്കുന്നത്. മെഗാ പദ്ധതികളുടെയും വൻകിട നിർമ്മാണ പരിപാടികളുടെയും തിരക്കിൽ ചെറിയവർക്ക്/ എളിയവർക്ക് ശുശ്രൂഷ ചെയ്യുവാനുള്ള ഉത്തരവാദിത്വം സഭ ഒരു കാലഘട്ടത്തിലും വിസ്മരിക്കരുത് എന്ന് ഈ വേദഭാഗം നമുക്ക് ആഹ്വാനം നൽകുന്നു.

### 3. ശേഷിപ്പുകളെ ശക്തീകരിക്കുന്ന ശുശ്രൂഷ

ഇടയ ശുശ്രൂഷയുടെ ശക്തീകരണം എന്തായിരിക്കണമെന്ന് നമ്മെ പഠിപ്പിക്കുന്ന വേദപുസ്തക അധ്യായമാണ് യെഹസ്കേൽ 34. കാണാതെ പോയതിനെ അന്വേഷിക്കുന്ന, ഓടിച്ചു കളഞ്ഞതിനെ തിരിച്ചെടുക്കുന്ന, ഒടിഞ്ഞതിനെ മുറിവ് കിട്ടുന്ന, ദീനം പിടിച്ചതിനെ ശക്തീകരിക്കുന്ന ഇടയ ശുശ്രൂഷയ്ക്കാണ്

ഈ വേദഭാഗം പ്രാധാന്യം നൽകുന്നത്(യെഹ. 37:16); ശക്തി ഹീനമെന്ന് കരുതുന്ന ചെറിയ സംഘങ്ങളെ ചേർത്തു നിർത്തുകയും ശാക്തീകരിക്കുകയും ചെയ്യേണ്ട പരമപ്രധാനമായ ധർമ്മമാണ് ഇടയ ശുശ്രൂഷയിൽ അന്തർലീനമായിരിക്കുന്നത്. ഈ കാലഘട്ടത്തിലെ ശബ്ദഘോഷങ്ങളുടെ മദ്ധ്യത്തിൽ ഇരകളാക്കപ്പെട്ടവരുടെ ദൈന്യതയാർന്ന സ്വരം കേട്ട് തിരിച്ചറിഞ്ഞ് അതിനോട് സർഗാത്മകമായി പ്രതികരിക്കുവാൻ സഭ തയ്യാറാകണം;

**4.ന്യായവിധിയിലേക്ക് നയിക്കുന്ന നീതി നിഷേധങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്ന ശുശ്രൂഷ**

അന്ത്യ ന്യായവിധിയുടെ ചിത്രമാണ് മത്തായി 25:31-40 രേഖപ്പെടുത്തിയിരിക്കുന്നത്. അനുദിന ജീവിത പരിസരങ്ങളിൽ നാം നിർവ്വഹിക്കേണ്ട ചെറിയ ഉത്തരവാദിത്തങ്ങളെ നിഷേധിക്കുന്നതും എളിയവർക്ക് ശുശ്രൂഷ ചെയ്യുന്നതിൽ കാണിക്കുന്ന ഉദാസീനതയും നിഷ്ക്രിയതയും ന്യായവിധിയിലേക്ക് നയിക്കുന്നു എന്ന് ഈ വേദഭാഗം നമ്മെ പഠിപ്പിക്കുന്നു. "ഈ ഏറ്റവും ചെറിയ ഒരുത്തന് നിങ്ങൾ ചെയ്യാഞ്ഞോടത്തോളം എല്ലാം എനിക്ക് ആകുന്നു ചെയ്യാഞ്ഞത് എന്ന് ഞാൻ സത്യമായിട്ടും നിങ്ങളോട് പറയുന്നു എന്ന് ഉത്തരമരുളും. ഇവർ നിത്യ ദണ്ഡനത്തിലേക്കും നീതിമാന്മാർ നിത്യജീവനിലേക്കും പോകും" (മത്തായി 25:45,46). മറ്റുള്ളവർക്ക് അർഹപ്പെട്ട നീതി നിഷേധിക്കുന്നവർക്ക് ന്യായവിധിയും സമൂഹത്തിൽ നീതി പുനഃസ്ഥാപിക്കുവാൻ യത്നിക്കുന്നവർക്ക് നിത്യജീവനും ലഭിക്കും എന്ന് ഈ വേദഭാഗം അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നു. ഈ ലോകത്തിൽ വിശ്വാസികൾ നിർവഹിക്കേണ്ട ഉത്തരവാദിത്വത്തെക്കുറിച്ച് അവരെ ബോധവൽക്കരിക്കുകയും ചെറിയ ഉത്തരവാദിത്തങ്ങളിൽ അവർ പുലർത്തേണ്ട വിശ്വസ്തതയെക്കുറിച്ച് അവരെ നിരന്തരം ഓർമ്മിപ്പിക്കുകയും ചെയ്യേണ്ട ദൗത്യമാണ് ഈ കാലഘട്ടത്തിൽ സഭയ്ക്ക് ഉള്ളത്.

## പ്രാർത്ഥന

നീതിമാനായ ദൈവമേ ഈ കാലഘട്ടത്തിലെ നീതി നിഷേധങ്ങളെ തിരിച്ചറിയുവാനും സമൂഹത്തിൽ നീതി പുനഃസ്ഥാപിക്കുന്ന ശുശ്രൂഷകളിൽ പങ്കാളികളാകുവാനും ഞങ്ങളെ സജ്ജരാക്കേണമേ. ആമേൻ.

തയ്യാറാക്കിയത് : **ഫാ. അനീഷ് ടി. വർഗീസ്**

## ഏഴാം ദിവസം

# ഉള്ളും ഉള്ളതുമറിയുന്ന ദൈവം

ഇയ്യോബ് 5 : 11 – 16
ലൂക്കോസ് 1 : 46 – 55

സങ്കീർത്തനം 138 : 6 യഹോവ ഉന്നതനെങ്കിലും താഴ്മ ഉള്ളവനെ കടാക്ഷിക്കുന്നു. ഗർവിയെയോ അവൻ ദൂരത്തുനിന്ന് അറിയുന്നു.

### 1. എളിയവനെ ആദരിക്കുന്ന ദൈവം

ഇയ്യോബ് നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനുമായിരുന്നു. (ഇയ്യോബ് 1 : 1) പ്രതിസന്ധികളുടെ കൊടുങ്കാറ്റ് ജീവിതത്തെ തകിടം മറിച്ചുവെങ്കിലും, തന്റെ കഷ്ടനഷ്ടങ്ങൾക്ക് ദൈവത്തെ പഴിക്കാതെ അസാധാരണമാം വിധം ദൈവത്തെ മഹത്വപ്പെടുത്തുകയാണ് ഇയ്യോബ്. ഭൗതിക സമൃദ്ധികൊണ്ട് മാത്രമല്ല ധാർമ്മിക നിലപാടുകൾ കൊണ്ടുമാണ് ഒരുവൻ നീതിമാൻ ആകുന്നത് എന്ന് ഇയ്യോബ് ജീവിതത്തിലൂടെ തെളിയിച്ചു. തന്റെ ദൈവഭക്തിയും എളിമയാർന്ന ജീവിതവും തനിക്ക് നഷ്ടപ്പെട്ടതിന്റെ വീണ്ടെടുപ്പിലേക്കാണ് ഇയ്യോബിനെ നയിക്കുന്നത്. നമുക്ക് മുമ്പിലുള്ള പ്രതിസന്ധികളെ ദൈവാശ്രയത്തിൽ എളിമയോടെ അഭിമുഖീകരിക്കുവാൻ നമുക്ക് കഴിയണം. നമ്മുടെ കഷ്ടപ്പാടിൽ ആശ്വാസത്തിന്റെ പനിമഞ്ഞ് തളിക്കുവാൻ നമ്മോടൊപ്പം ദൈവമുണ്ട്. ഇന്നത്തെ സഹനം വരുവാനിരിക്കുന്ന ഉത്ഥാനത്തിന്റെ മുൻകുറിയായി കാണുവാൻ തക്കവണ്ണമുള്ള എളിമജീവിതം നമുക്കുണ്ടാകട്ടെ.

### 2. എളിയവനോട് താദാത്മ്യപ്പെടുന്ന ദൈവം

എളിയവരോട് താദാത്മ്യപ്പെടാനാണ് സത്രത്തിന്റെ വാതിൽ കൊട്ടിയടക്കപ്പെട്ടതും ബേത്‌ലഹേമിലെ പുൽത്തൊട്ടിയെ കിടപ്പാടമാക്കിയതും തന്റെ പരസ്യശുശ്രൂഷയുടെ നാളുകളിൽ സന്തതസഹചാരികളായി മുക്കുവരെയും ചുങ്കക്കാരെയും തെരഞ്ഞെടുത്തതും. എളിയവരോടുള്ള പക്ഷം ചേരൽ യേശുവിന്റെ പരസ്യ ശുശ്രൂഷയുടെ ഒരു വലിമയായിരുന്നു. നസ്രത്ത് മാനിഫെസ്റ്റോ (ലൂക്കോസ് 4 : 18,19) വരച്ചുകാട്ടുന്നത് അതിലേക്കാണ്. ദരിദ്രനെയും നിരാലംബനെയും ചേർത്തു പിടിക്കാൻ കഴിയുന്നത് എന്റെ ഔദാര്യമല്ല അവന്റെ അവകാശമാണെന്ന് മനസ്സിലാക്കാൻ നമുക്ക് കഴിയണം.

### 3. എളിയവനെ ഉയർത്തുന്ന ദൈവം

എളിയവരേയും ഉയർത്തിക്കൊണ്ട് മനുഷ്യജീവിതത്തിന്റെ സന്തുലിതാവസ്ഥ പുനസ്ഥാപിക്കുകയാണ് യേശു. ഓരോരുത്തരുടെയും മൂല്യം തിരിച്ചറിയപ്പെടാതെ പോകരുതെന്ന് ക്രിസ്തു ആഗ്രഹിച്ചു. ആരും കാണാതെ ദൈവാലയത്തിന്റെ കോണുകളിൽ ഒതുങ്ങി നിന്ന വിധവയുടെ കാഴ്ചയർപ്പണവും, ആൾക്കൂട്ടത്തിൽനിന്ന് സ്വയം മറഞ്ഞ് യേശുവിനെ കാണുവാൻ അത്തിവൃക്ഷത്തിന്റെ ഇലകൾക്കിടയിൽ അഭയം തേടിയ ചുങ്കക്കാരൻ സക്കായിക്കൊപ്പം അവന്റെ ഭവനത്തിൽ പ്രവേശിച്ചതും, ശാബതിനെ നന്മ ചെയ്യുവാനുള്ള അവസരമാക്കി മാറ്റി സൗഖ്യങ്ങൾ നല്കിയതും ഓരോ മനുഷ്യനും മൂല്യമുള്ളവനാണെന്ന ക്രിസ്ത്വാവബോധമാണ്.

ഒരിക്കൽ ബിംബിസാര രാജാവ് ശ്രീബുദ്ധനോട് ഇന്നോളം എഴുതിയിട്ടുള്ള നിയമങ്ങളുടെയും വേദങ്ങളുടെയും മൂല്യം എന്താണെന്ന് ചോദിച്ചു. രാജാവിന്റെ ചോദ്യത്തിനു മുമ്പിൽ ബുദ്ധൻ ആവശ്യപ്പെട്ടത് ഒരു തുലാസ് കൊണ്ടുവരാനാണ്. മുഴുവൻ താളിയോലകളും തുലാസിന്റെ ഒരു തട്ടിലും മറ്റേ തട്ടിൽ പാടത്ത് പണി ചെയ്യുന്ന ഒരു ചെറുബാലനെയും ബുദ്ധൻ ഇരുത്തി. ചെറുബാലനിരുന്ന തട്ട് താഴ്ന്നു. രാജാവിനോട് ശ്രീബുദ്ധൻ ഭൂമിയിലെ ഏറ്റവും ചെറിയ മനുഷ്യൻ പോലും ഏത് വേദത്തേക്കാളും മൂല്യം ഉള്ളവൻ ആണ് എന്നറിയിച്ചു.

ജാതിമതവർഗ്ഗവർണ്ണങ്ങൾക്കപ്പുറം ഓരോ വ്യക്തിക്കും മൂല്യം കൽപ്പിക്കുവാനും അവനും ഈ ഭൂമിയിൽ ഇടമുണ്ടെന്ന് തിരിച്ചറിയുവാനും നമുക്ക് സാധിക്കണം. ദളിതരുടെയും ആദിവാസികളുടെയും മുക്കുവരുടെയും അവകാശങ്ങൾ നാം കാണാതെ പോകരുത്.

# പ്രാർത്ഥന

സ്നേഹനിധിയായ ദൈവമേ

ഞങ്ങളുടെ സഹന വഴികളിൽ അങ്ങ് ഞങ്ങളോടൊപ്പം ഉണ്ടെന്ന് ഓർക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. നിരാശ എന്നത് പലപ്പോഴും സ്വാഗതം ചെയ്യപ്പെടാത്ത അതിഥിയാകുമ്പോൾ പരസ്പരം പ്രത്യാശ ഉൾക്കൊള്ളുവാൻ ഞങ്ങളെ ബലപ്പെടുത്തേണമേ.

ഞങ്ങളുടെ ഹൃദയങ്ങൾ എല്ലാത്തരം അടിച്ചമർത്തലുകളും അനീതിയും ഉന്മൂലനം ചെയ്യുവാൻ തക്കവണ്ണം ഞങ്ങളുടെ ഒരുമിച്ചുള്ള പ്രവർത്തനങ്ങൾ സ്നേഹനിർഭരമായ ആത്മാവിൽ അടിയുറച്ചതായിരിക്കുവാനുള്ള കൃപ ഞങ്ങൾക്ക് നൽകേണമേ.

നീ കാണുന്നതുപോലെ ഏവരെയും കാണുവാനും നീ വിലമതിക്കുന്നതുപോലെ ഏവരെയും വലമതിക്കുവാനും വിളിക്കപ്പെട്ടവരാണ് ഞങ്ങൾ എന്നവബോധം എപ്പോഴും ഞങ്ങളിൽ ഉണ്ടായിരിക്കേണമേ.
ആമേൻ

തയ്യാറാക്കിയത് : റവ. ഡോ. ബിജു എസ് തങ്കച്ചൻ

## എട്ടാം ദിവസം

# കൂട്ടായ്മയെ പരിരക്ഷിക്കുന്ന നീതിബോധം

1. സങ്കീർത്തനങ്ങൾ 82 : 1 – 4
2. ലൂക്കോസ് 18 : 1 – 8

ഡോ. ഗബ്ബോർ മേറ്റ് ഈയിടെ പ്രസിദ്ധീകരിച്ച തന്റെ മിത്ത് ഓഫ് നോർമൽ എന്ന ഗ്രന്ഥത്തിലൂടെ സമകാലീന മാനവ സമൂഹം നേരിടുന്ന ദുരന്തങ്ങളെയും മാനസിക സംഘർഷങ്ങളെയും കൃത്യമായി വരച്ചു കാട്ടുന്നു. വിഷലിപ്തമായ ഒരു സമൂഹത്തിൽ, സംസ്ക്കാരത്തിൽ നിശബ്ദമാക്കപ്പെടുന്നവരുടെ ആന്തരിക നൊമ്പരങ്ങളും ഉണങ്ങാത്ത മുറിവുകളും അസംഖ്യമാണ്. മറ്റാർക്കുവേണ്ടിയോ രാജ്യത്തിനു വേണ്ടിയോ മതവിഭ്രാന്തികൾക്കു വേണ്ടിയോ ജീവിതം ഹോമിക്കപ്പെടാൻ വിധിക്കപ്പെടുന്ന നിസ്സഹായനായ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മനുഷ്യൻ. എൺപതുകളിൽ സജീവസാന്നിധ്യമായിരുന്ന മിഷൻ ഫൂക്കോ എന്ന ചിന്തകനും മനുഷ്യന്റെ മേൽ രാജ്യവും അധികാരകേന്ദ്രങ്ങളും ചെലുത്തുന്ന ക്രൂരമായ അടിച്ചമർത്തലിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ട്. ഇറാനിലും ചൈനയിലും ഈയിടെ നടന്നുവരുന്ന മനുഷ്യാവകാശ ലംഘനങ്ങളുടെ കഥ നമുക്കു പരിചിതമാണ്. നീതിയും ന്യായവും വെറും വാക്കുകളായി പരിണമിക്കുന്ന നിറം മങ്ങിയ കാലം ..... നാം വായിച്ച സങ്കീർത്തനത്തിലും സുവിശേഷ ഭാഗത്തും നിഴലിച്ചു നിൽക്കുന്ന ആശയം എന്നത് നീതിക്കുവേണ്ടിയുള്ളൊരു ക്രിയാത്മകമായ ഒത്തുചേരൽ അനിവാര്യമാണെന്നുള്ളതാണ്. ശബ്ദരഹിതമാക്കപ്പെട്ടവരുടെയും നീതി നിഷേധിക്കപ്പെട്ടവരുടെയും ശബ്ദമായി നമ്മുടെ കൂട്ടായ്മകൾ മാറുമ്പോഴാണ് ക്രൈസ്തവ സാക്ഷ്യം പൂർണ്ണമാകുന്നത്.

**ക്രൈസ്തവ ഐക്യം**

നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ ചിലപ്പോൾ ദശാബ്ദങ്ങൾ നീണ്ടേക്കാം. ലൂക്കോസിന്റെ ഉപമയിലെ വിധവ നാളുകൾ നീണ്ടുപോകുന്ന ജനകീയ പോരാട്ടങ്ങളുടെ പ്രതീകമാണ്. അത്തരത്തിലുള്ള എല്ലാ മുന്നേറ്റങ്ങൾക്കും കൂട്ടായ്മ അനിവാര്യമാണ്. സഭ ആരാധന സ്ഥലം എന്നതിലുപരിയായി വേദന അനുഭവിക്കുകയും നീതി നിഷേധം നേരിടുകയും ചെയ്യുന്ന സാധാരണ ജനങ്ങളുടെ വേദനകൾ പങ്കുവയ്ക്കുവാനുള്ള ഒരു പൊതു സ്ഥലം കൂടിയായി മാറുമ്പോഴാണ് ഇന്നിന്റെ വെല്ലുവിളികളെ കൂട്ടമായി നിരന്തരം എതിർക്കുവാനുള്ള സമൂഹമായി ശക്തരാക്കുന്നത്.

തകരുന്ന, നൊമ്പരപ്പെടുന്ന സമൂഹത്തിൽ രാജ്യവും ഭരണസംവിധാനങ്ങളും മതവും നീതി നിഷേധിക്കുമ്പോൾ നമ്മുടെ പ്രതിശബ്ദത്തിനു പ്രസക്തിയുണ്ട്. അനീതി നിറഞ്ഞ ന്യായാധിപൻ (ലൂക്കോസ് 18 : 2) ഭയക്കുന്നതു അത്തരം ജനമുന്നേറ്റങ്ങളെയാണ്. പ്രതീക്ഷയുടെ പുതിയ നാമ്പുകൾ ഈ മണ്ണിൽ നിന്ന് ഉയരട്ടെ. ജനം സമാധാനം അനുഭവിക്കട്ടെ.

## പ്രാർത്ഥന

നീതിക്കുവേണ്ടിയുള്ള മനുഷ്യന്റെ പോരാട്ടങ്ങളിൽ നിറസാന്നിദ്ധ്യമായി കടന്നു വരുന്ന ക്രിസ്തുവെ, ഞങ്ങളെ ഒന്നിപ്പിക്കണമേ. മടുത്തു പോകാതെ പ്രാർത്ഥിക്കുവാനും പ്രവർത്തിക്കുവാനും ഞങ്ങളെ ശക്തരാക്കേണമേ. ആമേൻ.